# THE KUDUMBA DEEPAM



Vol. V.) July 1934. (No. 7.

## വിഷയവിവരം.

1. നമ്മുടെ മതപ്രചരണപ്പരിശ്രമങ്ങൾ........................ 193.
2. വേലക്കാരുടെ വിശുദ്ധൻ........................ 196.
3. നെപ്പോളിയനും ഈശ്വരവിശ്വാസവും........................ 201.
4. ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും........................ 205.
5. ആദത്തിന്റെ അധഃപതനം........................ 209.
6. താരകയോട്........................ 215.
7. വിശുദ്ധ ജോബ്........................ 217.
8. പൊതുനിയോഗം........................ 221.
9. ആരാധനാസ്വാതന്ത്ര്യം........................ 221.
10. കുറിപ്പുകൾ........................ 223.

With all thy soul fear the Lord and rev… …cts.

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാഫാനിസ് ദന്തവൈദ്യൻ.

### എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

# ലൂർദ്ദിലെ വിശുദ്ധ.

ഗ്രന്ഥകൎത്താ റവ: ഫാദർ സെറാഫിൻ ബനഡിക്ററ്.

"ലൂർദ്ദിൽ ബെർണ്ണദീത്ത എന്ന ആ ചെറുബാലികക്കു പ. കന്യകമറിയം പതിനെട്ടുപ്രാവശ്യം പ്രത്യക്ഷപ്പെട്ടതും അവളോടു പല പരിശുദ്ധങ്ങളായ വിവരങ്ങളും അരുളിയതും അതുവഴി അവിടെ ബ്രഹ്മാണ്ഡമായ ദേവാലയങ്ങൾ പണിതീൎത്തതും അന്നു തുടങ്ങി ഇന്നോളവും അവിടെ നിരവധി അത്ഭുതങ്ങൾ തുടൎച്ചയായി നടന്നുവരുന്നതും മററും ചെറുബാലികാബാലന്മാരെ ആകൎഷണീയമാക്കിത്തീൎക്കുന്ന പ്രസ്തുത ഗ്രന്ഥം ബാലികാബാലന്മാരെ യഥാൎത്ഥഭക്തരും പരമാൎത്ഥഹൃദയരുമാക്കിത്തീൎക്കുന്നതിനു പൎയ്യാപ്തമായ ഒന്നുതന്നെയാണു്. ഏതൽഗ്രന്ഥം കേരളീയകത്തോലിക്കകുടുംബങ്ങളിൽ ധാരാളം പ്രചരിച്ചുകാണ്മാൻ ഞങ്ങൾ അതിയായി വാഞ്ഛിക്കുന്നു." പ്രേഷിതൻ.

| | | |
|---|---|---|
| ഒററപ്രതിക്കു | വില | അര അണ. |
| പന്ത്രണ്ടിനു് | ,, | നാലു അണ. |

തപാൽക്കൂലി പുറമേ. കുറച്ചുപ്രതികൾ ആവശ്യപ്പെടുന്നവർ സ്റ്റാമ്പു അയച്ചാൽമതി.

മാനേജർ, കുടുംബദീപം.
തേവര, എറണാകുളം.


---

## കുടുംബദീപം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേൎക്കുന്നതല്ല.

തുടൎച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീൎച്ചപ്പെടുത്തുവാൻ സൌകൎയ്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീൎഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണു്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരുവശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, "കുടുംബദീപം," തേവര.



ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായെ,

ഇൻഡ്യയ്ക്കുവേണ്ടി അപേക്ഷിക്കണമെ.

# കുടുംബദീപം.

പുസ്തകം ൫. | ജൂലൈ നമ്പർ | ലക്കം ൧.


## നമ്മുടെ മതപ്രചരണപ്പരിശ്രമങ്ങൾ.

(ശ്രീമാൻ ജോസഫ് കല്ലിടുക്കിൽ, മുട്ടം.)

ഈ മാസം മൂന്നാംതിയതി നമ്മുടെ പിതാവു് മാർ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളാണല്ലോ. ക്രിസ്തുമതപ്രചരണാൎത്ഥം ഇൻഡ്യയിൽ വരികയും നമ്മുടെ പൂൎവ്വികന്മാരെ ജ്ഞാനസ്നാനപ്പെടുത്തുകയും ഒടുക്കം തന്റെ പരിപാവനമായ മതവിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്യുകയും ചെയ്ത നമ്മുടെ പിതാവിന്റെ മരണസ്മരണദിനം-നമ്മുടെ ജാതീയദിനം - കൊണ്ടാടുന്ന ഈ അവസരത്തിൽ നമ്മുടെ പരിപാവനമായ മതപ്രചരണവേലയെപ്പററി അല്പം ചിന്തിക്കുന്നതു അസ്ഥാനത്താകയില്ലല്ലോ.

ക്രിസ്താബ്ദത്തിന്റെ ആദ്യ നൂററാണ്ടിൽതന്നെ വിശുദ്ധ ശ്ലീഹായിൽനിന്നു് സത്യവിശ്വാസം സ്വീകരിച്ച നമ്മുടെ പൂൎവ്വികന്മാർ തങ്ങൾക്കു ലഭിച്ച വിശ്വാസദീപത്തെ ഇതരസഹോദരങ്ങൾക്കു വേണ്ടിക്കൂടി പ്രകാശിപ്പിക്കുന്നതിനു് ഏതു കാരണങ്ങളാലെങ്കിലും വൈമുഖ്യം പ്രകടിപ്പിക്കുകയാണുണ്ടായിട്ടുള്ളതു്. ജ്ഞാനസ്നാനജലം തലയിൽ വീണിട്ടു രണ്ടായിരക്കൊല്ലത്തോളമാകാറായിരിക്കുന്നെന്നഭിമാനിക്കാൻ അവകാശമുള്ള കേരളീയ കത്തോലിക്കരുടെ മതപ്രചരണശ്രമങ്ങൾ ഇനിയും ആശാസ്യമായനിലയിൽ എത്തിയിട്ടില്ലാത്തതിന്റെ കാരണവും മറെറാന്നല്ല. കേരളത്തിൽ സത്യവിശ്വാസം പ്രകാശിച്ചു വളരെ വളരെ കൊല്ലങ്ങൾക്കുശേഷം ക്രിസ്തുമതവെളിച്ചം പ്രവേശിച്ച ഫ്രാൻസ്, സ്പെയിൻ, അയർലണ്ടു്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങൾ

"ക്രിസ്തീയ രാജ്യങ്ങൾ" എന്ന പേരിനെ അർഹിച്ചിട്ടു എത്രയോ കൊല്ലങ്ങളായിരിക്കുന്നു. അപ്പസ്തോലകാലത്തുതന്നെ ഇൻഡ്യയിൽ ക്രിസ്തുമതവെളിച്ചം പ്രവേശിച്ചെങ്കിലും "അജ്ഞാനഇൻഡ്യ"യെന്ന പേരിനെ അർഹിക്കത്തക്കവിധമാകുന്നു അതിൻെറ ഇന്നത്തെ സ്ഥിതി. മതപ്രചരണവേലയിൽ നമുക്കുള്ള മന്ദതയാകുന്നു ഇതിനു കാരണമെന്നു് നാം മനസ്സിലാക്കണം. "ആകാശവും ഭൂമിയും കടന്നുപോയാലും എൻെറ വാക്കുകൾ നിറവേറുകതന്നെ ചെയ്യു"മെന്നു് അരുളിച്ചെയ്ത അരുമനാഥൻതന്നെയല്ലയോ "വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കാത്തവൻ ശിക്ഷിക്കപ്പെടു"മെന്നു പ്രകടമായി പ്രസ്താവിച്ചിട്ടുള്ളതു്. അക്രൈസ്തവരും അവിശ്വാസികളും മററുമായി നമ്മുടെ ചുററും നിവസിക്കുന്ന അനേകായിരം ആളുകൾക്കു നിത്യരക്ഷ ആവശ്യമില്ല; അവർ നശിച്ചു പൊയ്ക്കൊള്ളട്ടെ എന്നു നമ്മിൽ ആരെങ്കിലും കരുതുന്നുണ്ടോ? ഇല്ലെങ്കിൽ നമുക്കു നമ്മുടെ 'സത്യദീപവു'മായി അവരുടെ അടുക്കലേക്കു ആഗതരാകാം. കൂരിരുട്ടിൽ തപ്പിത്തടയുന്ന സഹോദരങ്ങൾക്കു അതെത്ര ആശ്വാസകരമായിരിക്കും. "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറെറല്ലാവരേയും സ്നേഹിക്കണെ"മെന്നും, ലോകം മുഴുവൻ നേടിയാലും ആത്മാവു് നശിച്ചാൽ മനുഷ്യനു് നേടിയലോകംകൊണ്ടു് ഒരു പ്രയോജനവുമില്ലന്നും പഠിച്ചുവെച്ചിരിക്കുന്ന നമ്മിൽനിന്നു തദനുസരണമായ പ്രവൃത്തികളും ഉണ്ടാകേണ്ടയോ ? അതിനാൽ തൊണ്ണൂറെറാമ്പതു് ആടുകളെയും വഴിയിൽ നിറുത്തിയുംവെച്ചു് കാണാതെ പോയ ഒരാടിനെ തിരഞ്ഞുപോയ ആ "നല്ല ഇടയ"ൻെറ അരൂപിയോടുകൂടി നമുക്കു പ്രേഷിതരംഗത്തേക്കിറങ്ങാം.

ഭാരതമേ, നിൻെറ രക്ഷ നിൻെറ മക്കളിൽത്തന്നെ സ്ഥിതിചെയ്യുന്നുവെന്നുള്ള സുസ്മരണാർഹനായ പതിമൂന്നാം ലേയോ പാപ്പായുടെ വാക്കുകളെ അനുസ്മരിച്ചാലും, ഇൻഡ്യയിൽ അകന്നതോ അടുത്തതോ ആയ ഒരു ഭാവിയിൽ രൂപീകൃതമാകുവാനിരിക്കുന്ന ഭരണഘടനയിൽ ഒരു പ്രധാന കൈയുണ്ടായിരിക്കുമെന്നു് പ്രതീക്ഷിക്കപ്പെടേണ്ടവരായ ചില രാഷ്ട്രീയ നേതാക്കന്മാരുടെ

വിദേശമിഷ്യനറി വിദ്വേഷത്തെ അനുസ്മരിച്ചാലും ഭാരതത്തിന്റെ മാനസാന്തരീകരണാർത്ഥം വേണ്ടതു് പ്രവർത്തിക്കുവാൻ ഭാരതീയർതന്നെ ബാദ്ധ്യസ്ഥരായിരിക്കുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണു്.

കേരളത്തിൽനിന്നും ഇൻഡ്യയുടെ മാനസാന്തരത്തെ ലാക്കാക്കിക്കൊണ്ടു വൈദികരും അൽമേനികളുമായി ഏതാനും മിഷ്യനറിമാർ തിരിച്ചിട്ടുണ്ടെന്നുള്ളതു് ഇത്തരുണത്തിൽ സന്തോഷാവഹംതന്നെ. എങ്കിലും വിളവു വിപുലവും വേലക്കാർ വിരളവുമാകയാൽ നമ്മുടെ കേരളീയ മിഷ്യനറിമാരുടെ തുക വർദ്ധിക്കുന്നതിനായി നമ്മാൽ പാടായ എല്ലാ സഹായസഹകരണങ്ങളും നാം ചെയ്യേണ്ടതാണു്. വി. ശൗര്യാർ വിവിധതരങ്ങളായ വിമ്മിട്ടങ്ങൾ സഹിച്ചും നേടിയതിനേക്കാൾ കൂടുതൽ ആത്മാക്കളെ വി. ത്രേസ്യാ തന്റെ പ്രാർത്ഥനാമുറിയിൽ ഇരുന്നു കൈയ്യിലാക്കിയ വസ്തുതയാണു് ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടതു്.

നാം വസിക്കുന്ന അക്രൈസ്തവ ഇൻഡ്യയുടെമേൽ ബ്രിട്ടീഷ് ഗവർമ്മെണ്ടിനുള്ള ആധിപത്യം വിനാവിളംബം നീങ്ങപ്പെടുമെന്നുള്ളതിനുള്ള ലക്ഷണങ്ങൾ ധാരാളം കണ്ടുതുടങ്ങിയിട്ടുണ്ടു്. അങ്ങിനെ നീങ്ങപ്പെടുന്നപക്ഷം 'ക്രിസ്തീയ സംസ്കരണമെന്തെന്നു് മനസ്സിലാക്കിയിട്ടില്ലാത്തവരായ' ഇൻഡ്യയിലെ അനേകായിരം അക്രൈസ്തവരെ അവയെന്തെന്നു ധരിപ്പിക്കുകയെന്ന പരിപാവനമായ ക്രിസ്തീയ കടമ നിർവ്വഹിക്കുവാൻ നമുക്കു തരപ്പെടുമോ എന്നു തന്നെ ഭയപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ ക്രിസ്തീയ സംസ്കരണമെന്തെന്നു മനസ്സിലാക്കിയിട്ടുള്ള ജനങ്ങൾ നിബിഡമായി വസിക്കുന്നിടത്തു് ഭരണചക്രം അവർക്കു് എത്ര പ്രതികൂലമായി തിരിഞ്ഞാലും ആ തിരിച്ചിലൊന്നും ആ ജനങ്ങളുടെ ക്രിസ്തീയ വിശ്വാസസംരക്ഷണത്തിനു് ബാധകങ്ങളല്ലായെന്നു് കത്തോലിക്കാസഭയുടെ ആദ്യ നൂററാണ്ടുകളിലെ ചരിത്രംതന്നെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

അതിനാൽ നമുക്കു നമ്മുടെ വേദപ്രചരണപരിശ്രമങ്ങളെ പ്രാർത്ഥന, ധനസഹായം, മാതൃകാപരമായ ക്രിസ്തീയ ജീവിതം,

കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ ആയുധങ്ങളാൽ പൂർവ്വവൽ ഊർജ്ജസ്വലമാക്കാം.

## വേലക്കാരുടെ വിശുദ്ധൻ. *

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്)

അദ്ദേഹം മുള്ളരഞ്ഞാണധാരിയായി കാണപ്പെട്ടു. ഡബ്ളിൻ നഗരത്തിലെ ഏററം വിദൂരസ്ഥവും വൃത്തിഹീനവുമായ ഒരു തെരുവീഥിയിൽ, ബഹുജനമദ്ധ്യെ, ഹൃദ്രോഗബാധയാൽ പെട്ടെന്നു മരിച്ചുവീഴുന്നതിനു ദൈവം അദ്ദേഹത്തെ ഇടയാക്കി. (ദൈവഗതി അതിനിഗൂഢമാണല്ലൊ.) ഇങ്ങനെ പ്രത്യക്ഷമാകുവാൻ അദ്ദേഹത്തിനു ഒരിക്കലും ഇഷ്ടമാകുമായിരുന്നില്ല. ജീവിതത്തേപ്പോലെതന്നെ മരണവും അജ്ഞാതമായിരിക്കാനേ അദ്ദേഹം ആഗ്രഹിക്കുമായിരുന്നുള്ളൂ.

അദ്ദേഹം അപ്പോൾ, ജരാനരകൾ ബാധിച്ചു, ക്ഷീണിച്ചു വിളറിയ, ൬൯ വയസ്സു പ്രായമുള്ള ഒരു വൃദ്ധനായിരുന്നു. ൧൯൨൫-ലെ പരിശുദ്ധ പരമത്രിത്വത്തിൻെറ തിരുനാൾ ഞായറാഴ്ച - ദൈവം അദ്ദേഹത്തെ മഹത്വപ്പെടുത്തിയ ആ ദിവസം - അദ്ദേഹം ഗ്രാൻബി റോഡിൽകൂടി 'ദിവ്യരക്ഷകൻെറ ദേവാലയ'ത്തിലേയ്ക്കു ദിവ്യപൂജ കാണുവാൻ പോകയായിരുന്നു. ആ സമയത്താണ് അദ്ദേഹം കഠിനമായ ഹൃദ്രോഗബാധയാൽ മൂർഛിച്ചുവീണതു്. പക്ഷെ, അദ്ദേഹത്തിൻെറ സമയം ഇനിയും വന്നിട്ടില്ലായിരുന്നു. താദൃശസന്ദർഭങ്ങളിലെ പതിവനുസരിച്ചു, അദ്ദേഹം അടുത്തുള്ള ജെർവിസ് തെരുവിലെ ഒരു ആസ്പത്രിയിലേക്കു കൊണ്ടുപോകപ്പെട്ടു. അവിടെവച്ചായിരുന്നു ദൈ

---

* ഇദ്ദേഹത്തെ തിരുസ്സഭ ഇതുവരെ വിശുദ്ധൻ എന്നു നാമകരണം ചെയ്തിട്ടില്ല. ജീവിതവിശുദ്ധിയെ സൂചിപ്പിക്കുവാൻ മാത്രമാണ് ഇവിടെ 'വിശുദ്ധൻ' എന്ന നാമം ഉപയോഗപ്പെടുത്തീട്ടുള്ളതു്.

വം, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളമുള്ള രഹസ്യം ബഹു ജനങ്ങൾക്കു വെളിപ്പെട്ടത്തിയതു്. അദ്ദേഹത്തിൻെറ പ്രേതത്തെ സംസ്കരിക്കുന്നതിനു തയാർചെയ്യുവാൻ വന്ന സിസ്റ്റർ ഇഗ്നേഷ്യസ്, അദ്ദേഹം ധരിച്ചിരുന്ന അഴുക്കുവസ്ത്രം കത്രികകൊണ്ടു വെട്ടിക്കളയുവാൻ തുടങ്ങി. വെട്ടിവരവേ കത്രിക, എന്തോ ഒരു കഠിനമുള്ള സാധനത്തിന്മേൽ കൊണ്ടു. കത്രികയ്ക്കു കേടു ഭവിച്ചതുപോലെ അവൾക്കു തോന്നി. അതെ, അദ്ദേഹം സ്വമാംസത്തിൽ പൂണ്ടുകയറത്തക്കവിധം അരയിൽ മുറുകെ കെട്ടിയിരുന്ന രണ്ടു മുള്ളരഞ്ഞാണത്തിന്മേൽ കത്രിക മുട്ടിയതായിരുന്നു ആ കേടിനു കാരണം. ആ മുള്ളരഞ്ഞാണങ്ങളിൽ അനേകം കാശുരൂപങ്ങളും ഒരു കുരിശുരൂപവും കൊളുത്തിയിട്ടിരുന്നു. ഈ അന്യാദൃശകാഴ്ചകൊണ്ടാണു് ദൈവം, തൻെറ ദാസനായ മാററ് ടാൽബട്ടിനെ പ്രത്യക്ഷീകരിക്കയും മഹത്വപ്പെടുത്തുകയും ചെയ്തതു്.

മാററ് ടാൽബട്ടിൻെറ ഖ്യാതി ഇതിനകം ദിഗന്തങ്ങളിൽ സുശ്രുതമായിത്തീർന്നിരിക്കുന്നു. പുണ്യവാൻ എന്ന പേരു വിളിക്കുവാനുള്ള ഒത്താശകൾ റോമിൽ ദൈനന്ദിനം എത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു. എന്നാൽ ലോകത്തിലുള്ള അനേകലക്ഷം ജനങ്ങളുടെ ശ്രദ്ധയേയും സ്നേഹത്തേയും അർഹിക്കത്തക്കവണ്ണം അദ്ദേഹം എന്താണു ചെയ്തിട്ടുള്ളതു് ? അദ്ദേഹത്തിൻെറ ഒരു ചുരുങ്ങിയ ചരിത്രം ഏതാണ്ടിപ്രകാരമാണു്:

മാററ് ടാൽബട്ട് ൧൮൫൬ മേമാസം ൨-ാംനു- ഡബ്ളിനിൽ ജനിച്ചു. ജന്മസ്ഥലത്തുതന്നെയാണു് അദ്ദേഹം തൻെറ ജീവിതത്തിൻെറ അധികഭാഗവും ചെലവഴിച്ചിട്ടുള്ളതു്. എല്ലാ കാര്യങ്ങളിലും അദ്ദേഹം ഒരു ഉത്തമ അയിറിഷ്കാരനായിരുന്നു. അദ്ദേഹത്തിൻെറ അമ്മയും ഒരു അയിറിഷ്കാരിയായിരുന്നതുകൊണ്ടു അതിനു ഒരു പ്രത്യേക എളുപ്പവുമായിരുന്നു. അയർലണ്ടു്, കത്തോലിക്കചൈതന്യം കാൽകുത്തി നടക്കുന്ന ഒരു രാജ്യമാണെന്നതു സുപ്രസിദ്ധമാണല്ലൊ. അദ്ദേഹം പന്ത്രണ്ടു വയസ്സുവരെ പ്രാഥമിക വിദ്യാലയത്തിൽ അദ്ധ്യയനംചെയ്തു. ശിശുസ

ഹജമായ വികൃതിയും തെറിപ്പും അദ്ദേഹത്തിൽ ധാരാളമുണ്ടാ
യിരുന്നു. സ്കൂൾ വിട്ടതുമുതൽ അധ്വാനമുള്ള ജോലിയിലാണ്
അദ്ദേഹത്തിനു ഏൎപ്പെടുവാൻ സംഗതിയായതു്. ആദ്യം അദ്ദേ
ഹത്തിനു ലഭിച്ച ജോലി ഒരു വീഞ്ഞുകമ്പനിക്കിലെ ഭൗത്യവാഹ
നമായിരുന്നു. എന്നാൽ താമസിയാതെ 'പിള്ളേരല്ലേ, കള്ളല്ലേ,
കണ്ടാൽ തെല്ലു കുടിക്കില്ലേ ?' എന്ന ചൊല്ലു അദ്ദേഹത്തേക്കുറി
ച്ചും അൎത്ഥവത്തായിത്തീൎന്നു. ഒരു കൊല്ലംകൊണ്ടു മുക്കുടിയനാ
യി. അദ്ദേഹത്തിൻെറ അപ്പൻ, മക്കളുടെ അഭിവൃദ്ധിയിൽ പ്ര
ത്യേക ശ്രദ്ധയുള്ള ആളായിരുന്നതിനാൽ താമസിയാതെ മാററി
നെ പണിയിൽനിന്നു വിടുവിച്ച്, തൻെറ നോട്ടമെത്തത്തക്കവ
ണ്ണം തൻെറ പണിസ്ഥലത്തുതന്നെ ഒരു ദൂതബാലനായി നിയ
മിച്ചു. എങ്കിലും കുടി മൂത്തുതന്നെ വന്നു. മാററിൻെറ അപ്പൻ
കുടിനിറുത്തുവാൻ നാലു കൊല്ലത്തോളം മുടങ്ങാതെ തീവ്രയത്നം
ചെയ്തു. പക്ഷെ, അവയെല്ലാം വിഫലമായതേയുള്ളു. ഇങ്ങനെ
മാററ് തൻെറ അപ്പൻെറ മാൎഗ്ഗദൎശിത്വത്തിൽനിന്നു ക്രമേണ
അകലുകയും, കുറെ നാളത്തേക്കു, ഖരാറെടുത്തു കെട്ടിടം പണി
യുന്നവരുടെ ഒരു 'മെയ്ക്കാട്ടുപണി'ക്കാരനായി ചേരുകയുംചെയ്തു.
ഇപ്പോൾ കുടിയുടെ കാൎയ്യത്തിൽ കൂടുതൽ സ്വാതന്ത്ര്യമായി എ
ന്നു പറയേണ്ടതില്ലല്ലൊ. പിന്നീടു ലോറിയിൽ തടി കയററുക
ഇറക്കുക എന്ന പണിയിലാണ് മാററ് സ്വയം നിയുക്തനായ
തു്. ഇതിൽ മരണപൎയ്യന്തം നിലനില്ക്കുകയുംചെയ്തു. ഇത്രയുമാ
ണ് അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ബാഹ്യഭാഗം.

തൻെറ മകനെ ക്രിസ്തീയമിതത്വം അഭ്യസിപ്പിക്കുവാൻ
മാററിൻെറ പിതാവു ചെയ്ത പോരാട്ടം പരാജയത്തിൽതന്നെ
പൎയ്യവസാനിച്ചു. പല പല ഉപായങ്ങൾ പ്രയോഗിച്ചിട്ടും ത
ൻെറ മകൻ പതിനഞ്ചു കൊല്ലത്തേയ്ക്കു മഹാ കുടിയനായിത്ത
ന്നെ വളൎന്നു. പക്ഷെ ആദ്യകാലങ്ങളിൽ മാററ് മദ്യദേവനായ
ബാക്കസിനെ എത്ര നിരന്തരമായും പൂൎണ്ണമായും സേവിച്ചുവോ,
അത്രതന്നെ പിൽക്കാലങ്ങളിൽ അദ്ദേഹം കാൽവറിയുടെ ബലി
പീഠത്തിലും സേവനം ചെയ്തിട്ടുണ്ട്. ശനിയാഴ്ച കൂലി തീൎത്തു

കിട്ടും. എന്നാൽ ഞായറാഴ്ചയോടുകൂടി അതെല്ലാം കുടിച്ചുതീൎക്കയുംചെയ്യും. ധരിച്ചിരിക്കുന്ന കോട്ടും ചിലപ്പോഴൊക്കെ മദ്യപാനത്തിനായി പണയംവയ്ക്കും. പിന്നീടു വല്ല വഴിപോക്കരുടെയും കരുണയ്ക്കു വിഷയമായെങ്കിലേ പുരോഗമനത്തിനു മാൎഗ്ഗമുണ്ടായിരുന്നുള്ളു. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും മാററ് കുടിച്ചു മത്തനായശേഷം ഒരിക്കലും വഴക്കിനോ വക്കാണത്തിനോ വഴികൊടുത്തിരുന്നില്ല. ഇതൊന്നൊഴികെ മറെറാരു ദുൎഗ്ഗുണവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അത്താഴം കഴിഞ്ഞാൽ അദ്ദേഹം പതുക്കെ മദ്യഷാപ്പിലേയ്ക്കു നടകൊള്ളും. ഏകദേശം മത്തനായെന്നു കാണുമ്പോഴേയ്ക്കു ആടിക്കറങ്ങി വീട്ടിലേയ്ക്കു മടങ്ങും. ഉടൻ കിടക്കയെ അഭയം പ്രാപിക്കയും ചെയ്യും. ഇതായിരുന്നു അദ്ദേഹത്തിൻെറ പതിനഞ്ചു കൊല്ലത്തെ ദിനചൎയ്യ.

അദ്ദേഹത്തിൻെറ ബന്ധുമിത്രാദികൾ അദ്ദേഹത്തിൻെറ ജീവിതപരിവൎത്തനത്തേക്കുറിച്ചു നിരാശരായിത്തീൎന്നു. അങ്ങനെയിരിക്കെ അവരെയെല്ലാം അത്ഭുതപരതന്ത്രരാക്കുമാറ് അദ്ദേഹം തൻെറ ൨൭-ാമത്തെ വയസ്സിൽ മനസ്സുതിരിഞ്ഞു. ഒരു ശനിയാഴ്ച അദ്ദേഹത്തിനു വല്ലാതെ ദാഹിച്ചു; മദ്യഷാപ്പിൽ പോകുന്നതിനു ഒരു കാശുപോലും കൈവശമില്ല. അദ്ദേഹത്തിൻെറ സ്നേഹിതന്മാർ ഈദൃശാവസരങ്ങളിൽ അദ്ദേഹത്തിനു മദ്യം വാങ്ങിക്കൊടുക്കുക പതിവായിരുന്നു. പക്ഷെ ഇത്തവണ അവരിലാരും യാതൊരു കരുണയും കാണിച്ചില്ല. ആകയാൽ അദ്ദേഹം നേരിട്ടു വീട്ടിൽ ചെന്നു അമ്മയോടു: "അമ്മേ, ഇന്നുമുതൽ ഞാൻ കുടിക്കുകയില്ലെന്നു ശപഥം ചെയ്വാൻ പോകുന്നു" എന്നു പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു: "മകനേ, നീ പോയി ദൈവത്തിൻെറ നാമത്തിൽ ശപഥംചെയ്യുക; എന്നാൽ ഞാൻ ഒന്നു പറഞ്ഞുകൊള്ളുന്നു. നീ അതിനെ നിറവേററാൻ നിശ്ചയിച്ചിട്ടില്ലെങ്കിൽ ശപഥം ചെയ്യാതിരിക്കയാണ് ഭേദം." മാററ് പ്രത്യുത്തരിച്ചു: "ഹേയ്! ഞാൻ ഭോഷ്ക്ക് പറയുന്നുവെന്നോ? ഒരിക്കലുമല്ല. നിറവേററിക്കൊള്ളാമെന്നുള്ള ഉറപ്പോടുകൂടിത്തന്നെയാണ് ഞാൻ ശപഥം ചെയ്വാൻ പോകുന്നതു്."

അപ്പോഠം അമ്മ പറഞ്ഞു: "എന്നാൽ കൊള്ളാം കുഞ്ഞേ, നിൻെറ ശപഥത്തെ നിറവേററുവാൻ വേണ്ടുന്ന അനുഗ്രഹം ദൈവം നിനക്കു നൽകട്ടെ."

ഇവ്വിധം ശപഥം ചെയ്യുവാൻ മാററിനെ പ്രേരിപ്പിച്ച കാരണമെന്തെന്നു ആരും അറിഞ്ഞിരുന്നില്ല. ആദ്യം അദ്ദേഹം മൂന്നുമാസത്തേയ്ക്കു കുടിക്കുകയില്ലെന്നു പ്രതിജ്ഞചെയ്തു. പഴയ തഴക്കത്തിനു അടിപ്പെടാതെതന്നെ ആ മൂന്നു മാസവും കഴിച്ചുകൂട്ടി. എന്നാൽ ഇതു്, കുടിച്ചു തഴഞ്ഞിട്ടുള്ള അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മരണവേദനയ്ക്കു സമമായ വിഷമം ഉളവാക്കിയിരുന്നു. പുറത്തേയ്ക്കിറങ്ങിയാൽ പരീക്ഷാകാരണമാകുന്ന മദ്യഷാപ്പുകളെ കടന്നുപോകുക സാധ്യമല്ലെന്നു അദ്ദേഹം മനസ്സിലാക്കി. ആകയാൽ, അന്നുമുതൽ അദ്ദേഹം ഷാപ്പുകഠം സന്ദശിക്കുന്നതിനു പകരം ഡബ്ളിനിലുള്ള ദേവാലയങ്ങളെ സന്ദശിക്കാമെന്നു തീച്ചയാക്കി. ദൈവത്തിൻെറ സാക്ഷാൽ സാന്നിധ്യമുള്ള ബലിപീഠത്തോടടുത്തു നില്ക്കുമ്പോഠം മദ്യഷാപ്പുകളെക്കുറിച്ചുള്ള ചിന്ത ക്രമേണ മാറുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ശരീരത്തിനു വളരെ തളച്ച് തോന്നിയെങ്കിലും ദൈവസഹായത്തിൽ സമാശ്രയിച്ചുകൊണ്ടു പിശാചിൻെറ പ്രലോഭനങ്ങളെയെല്ലാം അദ്ദേഹം ജയിക്കതന്നെ ചെയ്തു. ശപഥകാലാവധിയായ മൂന്നു മാസം കഴിഞ്ഞു. പിന്നീടു ഒരു വഷത്തേയ്ക്കു നീട്ടി. അതും അഭംഗം നിറവേറി. അനന്തരം ജീവപയ്യന്തം എന്നാക്കി. ദൈവസഹായത്താൽ അതും കൂടുതൽ വിജയപ്രദമാം വണ്ണം നിവ്വഹിച്ചു.

മദ്യദേവൻെറ ദാസ്യത്തിൽനിന്നു മുക്തിപ്രാപിക്കുന്നതിനു മാററു് ഭഗീരഥപ്രയത്നംതന്നെ ചെയ്യേണ്ടിയിരുന്നു. പ്രതികൂലശക്തികളെ കീഴടക്കി, തൽസ്ഥാനങ്ങളിൽ സുകൃതാഭ്യസനം മറെറാരു പ്രകൃതിയാക്കിത്തീക്കണമെങ്കിൽ മേൽപ്രസ്താവിച്ചതിലധികമായ അധ്വാനം അദ്ദേഹത്തിനു ആവശ്യമായിരുന്നുവെന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. ഇക്കാലമൊക്കെ അദ്ദേഹം ദിവ്യപ്രസാദസ്രോതസ്സുകളായ കൂദാശകളെ സ്വീകരിച്ചിട്ടില്ല.

ഇപ്പോൾ അദ്ദേഹം അവയെ, അവയ്ക്കനുസരണമായ ഒരുക്കത്തോടുകൂടി കൈക്കൊള്ളുകയും, തദ്വാരാ തന്നെത്തന്നെ രക്ഷിക്കയും ചെയ്യണം. തൻെറ അതീത കാലത്തെ ഉപേക്ഷകളെല്ലാം പ്രാൎത്ഥനയാലും സ്വയം പീഡനത്താലും സമൃദ്ധമായി പരിഹരിക്കണമെന്നു ഇപ്പോൾ അദ്ദേഹം ദൃഢമായി ഉറച്ചിട്ടുണ്ടു്. ഫലപ്രദമാംവണ്ണം പ്രാൎത്ഥിക്കുകയും, ദുൎബ്ബലമായ ശരീരത്തെ സ്വയം പീഡിപ്പിക്കയും ചെയ്കയെന്നതു മനുഷ്യനു എത്ര ദുഷ്ക്കരമായിട്ടുള്ളതാണെന്നു അദ്ദേഹം വേണ്ടുപോലെ ഗ്രഹിച്ചിരുന്നു. തന്നിമിത്തമത്രെ അദ്ദേഹം വീരയോഗ്യമാംവണ്ണം ദൈവത്തോടു പ്രൎത്ഥനാവരം യാചിച്ചുവെന്നും, അതു തനിക്കു സമൃദ്ധിയായി ലഭിച്ചുവെന്നും അനന്തരകാലത്തിൽ ഏററുപറഞ്ഞിട്ടുള്ളതു്. അന്നുമുതൽ സ്വയം പീഡനത്തോടുകൂടെയുള്ള പ്രാൎത്ഥനകൊണ്ടു അദ്ദേഹം മദ്യപാനാസക്തിയെ തടഞ്ഞുവെന്നുമാത്രമല്ല, അതിനെ പരിപൂൎണ്ണമായി ജയിക്കുകകൂടി ചെയ്തു. (തുടരും)

# നെപ്പോളിയനും ഈശ്വരവിശ്വാസവും

(ശ്രീമാൻ ആൻറണി കോയിത്തറ ബി. എ.)

ഫ്രാൻസിലെ ചക്രവൎത്തി പദത്തെ അലങ്കരിച്ച മഹാനായ നെപ്പോളിയൻ ബോണാപ്പാർട്ട് തൻെറ പ്രതാപകാലത്തു് ദൈവഭക്തിയിലും മതവിശ്വാസത്തിലും അത്രതന്നെ പ്രതിപത്തി പ്രദൎശിപ്പിച്ചിരുന്നില്ല. ധനവും തജ്ജന്യമായ ഭോഗേച്ഛയും ഈശ്വരവിശ്വാസത്തെ ഹനിക്കുന്നതിന്നു സാധാരണമായി സമൎത്ഥങ്ങളാണല്ലോ. ഫ്രാൻസ് ദേശത്തിലെ മാത്രമല്ലാ, യൂറോപ്പു ഭൂഖണ്ഡം മുഴുവനിലേയുംതന്നെ ജനാവലി ആബാലവൃദ്ധം, തൻെറ അമാനുഷികമായ ശൌൎയ്യപരാക്രമങ്ങളിൽ ഭ്രമിച്ചു്, തൻെറ ആജ്ഞാനുവൎത്തികളെന്ന നിലയിലെത്തിയപ്പോൾ, നെപ്പോളിയൻെറ ദൈവഭക്തിയും വിശ്വാസതീക്ഷ്ണതയും അടിയിളകുകതന്നെ ചെയ്തു.

പക്ഷെ ശൈശവദശയിൽതന്നെ അദ്ദേഹത്തിൽ രൂഢമൂലമായിരുന്ന ഈശ്വരവിശ്വാസത്തേയും മതബോധത്തേയും പിഴുതുകളയുന്നതിന്ന് ബാഹ്യസാഹചര്യങ്ങൾ പര്യാപ്തങ്ങളായില്ല. സൂര്യബിംബത്തെ ആവരണം ചെയ്യുന്ന കാർമ്മേഘപടലങ്ങളുടെ തിരോധാനം എപ്രകാരം പ്രസ്തുത ഗോളത്തെ പൂർവ്വവൽ പ്രശോഭിതമാക്കിത്തീർക്കുന്നുവോ, അപ്രകാരംതന്നെ മായാമയമായ ലൌകികാഡംബരങ്ങളുടെ അന്തർദ്ധാനം നെപ്പോളിയൻെറ അസ്തപ്രായമായ മതഭക്തിക്ക് നവജീവൻ പ്രദാനംചെയ്തു.

വാട്ടർല്യൂ എന്ന സ്ഥലത്തുവെച്ചുണ്ടായ ഘോരസമരത്തിൽ നെപ്പോളിയൻ പരാജിതനായി. അധികാരഭ്രഷ്ടനായിതീർന്ന അദ്ദേഹത്തിൻെറ ആയുശ്ശേഷം "സെൻറ് ഹെലീനാ" എന്ന ദ്വീപിൽ കഴിക്കേണ്ടിവന്നു. അവിടത്തെ ഏകാന്തജീവിതം അദ്ദേഹത്തിൽ വ്യാപൃതമായിരുന്ന ആത്മികാന്ധകാരത്തെ ഉന്മൂലനം ചെയ്തു. ലൌകികസുഖങ്ങളുടെ ക്ഷണഭംഗുരതയെ അദ്ദേഹം ഗ്രഹിച്ചു. ക്ലാന്തമാനസനായ ആ സാധു ദൈവവിശ്വാസത്തിൽ വിശ്രമം തേടി. "ദുഃഖിതന്മാരേയും ഭാരം ചുമക്കുന്നവരേയും" ആശ്വസിപ്പിക്കുന്ന കർത്താവിൻെറ സമാധാനം, അതെ പണത്തിന്നും പ്രതാപത്തിന്നും അപ്രാപ്യമായ ആ പരിപൂർണ്ണസമാധാനം, അദ്ദേഹത്തിന്നു അപ്പോൾ നിശ്ചയമായും അനുഭവപ്പെട്ടിരിക്കണം.

"സെൻറ് ഹെലീനാ"യിലെ ജീവിതകാലത്ത് നെപ്പോളിയൻ തൻെറ മതതീക്ഷ്ണതയേയും ഈശ്വരവിശ്വാസത്തേയും വിവിധാവസരങ്ങളിൽ പ്രസ്പഷ്ടം പ്രകാശിപ്പിക്കയുണ്ടായി. അദ്ദേഹത്തിൻെറ ജീവിതദശയിലെ ഏററം സന്തോഷാവഹമായ ദിനം ഏതാണെന്നു ആരോ ഒരവസരത്തിൽ അദ്ദേഹത്തോടു ചോദിച്ചു. ഘോരരണാങ്കണങ്ങളിൽ ധീരധീരം പോരാടി, മൃത്യുവക്ത്രത്തിൽനിന്നു വിജയപതാകയെ തട്ടിയെടുത്ത ആ അനേകം സുദിനങ്ങളിൽ ഒന്നായിരിക്കുമൊ അത് ? അഥവാ, ഏതെങ്കിലും പുതിയ രാജ്യത്തിലെ ഭരണാധികാരം ഏറെറടുത്ത ദിവസമൊ ? അല്ലെങ്കിൽ ഫ്രാൻസിലെ ചക്രവർത്തിപദത്തിൽ ആ

രോഹണം ചെയ്ത ആ ഭാഗ്യദിനമൊ ? പക്ഷെ ഇതൊന്നുമായിരുന്നില്ല. "ഞാൻ പ്രഥമമായി പരിശുദ്ധ കുർബ്ബാന ഉൾക്കൊണ്ട ദിവസമാണ് എൻെറ ആയുഷ്ക്കാലത്തിലെ ഏറ്റവും ആനന്ദപ്രദമായ ദിനം"-ഇതായിരുന്നു നെപ്പോളിയൻെറ മറുപടി.

മററൊരവസരത്തിൽ തൻെറ വിശ്വസ്ത ഉദ്യോഗസ്ഥന്മാരിൽ ഒരാൾ മതാനുഷ്ഠാനത്തേയും ഈശ്വരവിശ്വാസത്തേയും അപഹസിക്കുന്നത് നെപ്പോളിയൻ ശ്രവിച്ചു. ഈശ്വരൻ മനുഷ്യരുടെ ദൃശ്യേന്ദ്രിയങ്ങൾക്ക് ലക്ഷീഭവിക്കുന്നില്ല. ആകയാൽ ഈശ്വരാസ്തിക്യത്തിൽ വിശ്വസിക്കുന്നത് ഭോഷത്വമാണെന്നായിരുന്നു ആ ഉദ്യോഗസ്ഥൻെറ വാദം. ആ "യുക്തിവാദി"യെ നെപ്പോളിയൻ അടുക്കൽ വിളിച്ചു. "സ്നേഹിതാ, ഒന്നു ചോദിച്ചുകൊള്ളട്ടെ" എന്നുള്ള മുഖവുരയോടുകൂടി അദ്ദേഹം പറഞ്ഞു തുടങ്ങി. "നിങ്ങളെല്ലാവരും എൻെറ യുദ്ധവൈദഗ്ദ്ധ്യത്തെ പുകഴ്ത്താറുണ്ടല്ലൊ. അടക്കളങ്ങളിൽവെച്ചു പലപ്പോഴും നിങ്ങൾ തന്നെ എൻെറ ഉപദേശങ്ങളെ അർത്ഥിച്ചിട്ടുണ്ട്. ഞാനാണ് പട്ടാളത്തെ നയിക്കുന്നതെന്നുള്ള അറിവ് സൈനികന്മാരിൽ എന്തെന്നില്ലാത്ത ഒരു ഉന്മേഷവും ആഹ്ളാദവും ഉല്പാദിപ്പിച്ചിട്ടുമുണ്ട്. ഇതിനെല്ലാം കാരമെന്താണ് ? നിശ്ചയമായും എൻെറ യുദ്ധസാമത്ഥ്യത്തിലുള്ള നിങ്ങളുടെ അചഞ്ചലമായ വിശ്വാസമാണ്. എന്താ, അങ്ങിനെതന്നെയല്ലേ ?" ശരിതന്നെ എന്നു ആ ഉദ്യോഗസ്ഥൻ തലകുലുക്കി സമ്മതിച്ചു. നെപ്പോളിയൻ തുടൎന്നു "എന്നാൽ എൻെറ യുദ്ധസാമത്ഥ്യത്തെ നിങ്ങൾ എപ്പോഴെങ്കിലും വീക്ഷിച്ചിട്ടുണ്ടോ ? ഇല്ല. ആ സാമത്ഥ്യത്തിൻെറ ഫലങ്ങളെയാണ് നിങ്ങൾ ദൎശിച്ചതു്. രണാങ്കണങ്ങളിൽ എനിക്കു സിദ്ധമായ വിജയങ്ങൾ എൻെറ രണവൈഭവത്തിൻെറ ഫലങ്ങൾ മാത്രമായിരുന്നു. പ്രേക്ഷകജാലത്തെ അത്ഭുതപരതന്ത്രരാക്കിത്തീൎത്ത ആ വിജയങ്ങളിൽനിന്നു എൻെറ യുദ്ധപാടവത്തെ നിങ്ങൾ ഗ്രഹിച്ചു. ഇനി ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. എൻെറ വിജയങ്ങൾ പലതും അത്യന്തം അത്ഭുതാവഹങ്ങളായിരുന്നു. പക്ഷെ അവ ഏതെങ്കിലുംതന്നെ ബ്രഹ്മാണ്ഡവും മനോ

മോഹനവുമായ ഈ ലോകത്തോളം ആശ്ചര്യകരമാണോ? അല്ല എന്നു നിങ്ങൾ സമ്മതിക്കുന്നു. പ്രകൃതിയിൽ സർവ്വത്ര വ്യാപിക്കുന്ന വൈവിധ്യവൈചിത്ര്യങ്ങൾ യാതൊരു മനുഷ്യനേയും വിസ്മയാംബുധിയിൽ മഗ്നമാക്കുകതന്നെ ചെയ്യും. എത്രതന്നെ വൈദഗ്ദ്ധ്യപൂർവ്വം നയിക്കപ്പെടുന്ന സൈന്യവ്യൂഹങ്ങളായിരുന്നാലും ശരി, അവയുടെ ഗതി ആകാശഗോളങ്ങളുടെ ചലനവിശേഷങ്ങളോടു കിടപിടിക്കുവാൻ ഒട്ടുംതന്നെ പര്യാപ്തമല്ല. ആകയാൽ എൻെറ വിജയങ്ങളെക്കാൾ ഇക്കാണുന്ന പ്രകൃതിതന്നെയാണ് കൂടുതൽ അത്ഭുതജനകം. എന്നാൽ ഈ പ്രകൃതി എന്തിൻെറ ഫലമാണ്? യാദൃച്ഛികമായി ഉണ്ടായി എന്നു നിങ്ങൾ പറയുമായിരിക്കും. അങ്ങനെയെങ്കിൽ എൻെറ വിജയപ്രാപ്തിയും യാദൃച്ഛികമെന്നുതന്നെ കണക്കാക്കണം. പക്ഷെ അതു സുബോധത്തിനു യോജിക്കുന്നില്ല. കാരണമില്ലാതെ കാര്യമുണ്ടാകുമോ? ഒരിക്കലുമില്ല. എൻെറ വിജയസിദ്ധിയാകുന്ന കാര്യത്തിനു എൻെറ രണവൈദഗ്ദ്ധ്യംതന്നെ കാരണം. അതേപ്രകാരംതന്നെ പ്രകൃതിയാകുന്ന കാര്യത്തിനും ഒരു കാരണം, ഒരു സ്രഷ്ടാവ് ആവശ്യമാണ്. ഈ കാരണമാണ് ഈശ്വരൻ. തന്മൂലമത്രെ, സുബുദ്ധിയുള്ള മനുഷ്യർ ഈശ്വരാസ്തിക്യത്തിൽ വിശ്വസിക്കുന്നത്."

നെപ്പോളിയൻെറ ഉദ്യോഗസ്ഥന്മ സംഗതികളുടെ യഥാർത്ഥാവസ്ഥ മനസ്സിലായി. സ്വന്തം തെററു സമ്മതിക്കുന്നതു "സ്ഥിതിക്കു കുറവാ"ണെന്നുള്ള ഇരുപതാം ശതാബ്ദത്തിലെ പരിഷ്കാരക്കിറുക്ക് അയാൾക്കുണ്ടായിരുന്നില്ല. അയാൾ "യുക്തിവാദം" ഉപേക്ഷിച്ചു. കേരളത്തിലെ "യുക്തിവാദികളും" അപ്രകാരം ചെയ്യുമോ? ചെയ്യുമെന്നുതന്നെ വിശ്വസിക്കാം. ദൈവാനുഗ്രഹം അപരിമിതമാണല്ലോ.

# ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും.

(റവ. ഫാദർ ഫ്രാൻസീസ് സി. ഡി.)

ഇസ്രായേൽ ജനതതിയെ ദൈവം തൻെറ സ്വന്തജനമായി കരുതി എല്ലാ വിധത്തിലും ദൈവംതന്നെ അവരെ പ്രത്യക്ഷമായി ഭരിച്ചിരുന്നു. ദൈവികഭരണം (Theocratia) എന്നായിരുന്നു ഇപ്രകാരമുള്ള ഭരണസമ്പ്രദായത്തെ അഭിജ്ഞന്മാർ നാമകരണം ചെയ്തിട്ടുള്ളതു്. നാശക്രൂപത്തിലേക്കു നിപതിക്കുവാൻ പോയിരുന്ന ലോകത്തെ സത്യമാർഗ്ഗത്തിലൂടെ ചരിപ്പിക്കുന്നതിനും, ഏവക്കും മാതൃകയായി ഒരു ജനതതിയെ ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനുംവേണ്ടി ഈ തിരഞ്ഞെടുക്കപ്പെട്ട ജനസമൂഹത്തിന് ദൈവംതന്നെ പ്രത്യേക പ്രമാണങ്ങൾ നൽകിയിട്ടുണ്ട്. ഈ പ്രമാണസംഹിതയിൽ സുപ്രസിദ്ധമായതത്രെ സീനായി മലയിൽവെച്ച് മൂശനിവ്യാ വഴിയായി നൽകിയിട്ടുള്ള പത്തു പ്രമാണങ്ങൾ.

ഈ പ്രമാണങ്ങളിൽ എല്ലാററിനും ഉപരിയായി മനുഷ്യന് ദൈവത്തോടുള്ള അതീവബന്ധത്തെക്കുറിക്കുന്നതിന് ഏററം പര്യാപ്തമായ ഒന്നാണ് മൂന്നാമത്തു പ്രമാണം. "സ്വസ്ഥദിവസം വിശുദ്ധീകരിക്കുന്നതിനു നിങ്ങൾ ഓർത്തുകൊൾക: അന്നു നിങ്ങൾ യാതൊരു പ്രവൃത്തിയും ചെയ്യരുതു്" എന്നത്രെ പുറപ്പാട് ൨൦-ൽ മൂശവഴിയായി ദൈവം കല്പിച്ചിട്ടുള്ളതു്. പരസ്യമായ ഒരു ദൈവാരാധന കല്പിക്കപ്പെടുന്നതിനാൽ സാരാംശത്തിൽ ഈ പ്രമാണം ഒരു പ്രകൃതിനീയമായിട്ടും പരിഗണിക്കാം. എന്നാൽ ശാബതു ദിവസംതന്നെ ഇങ്ങനെ സമാചരിക്കണമെന്നുള്ള ദൈവികാഭീഷ്ടം ഇതിനെ ഒരു കല്പിതനിയമമാക്കി ചെയ്യുന്നു. ഈ പ്രമാണത്തെ ലംഘിക്കുന്നവക്കു കല്ലേറുതുടങ്ങിയ കഠിനശിക്ഷകളായിരുന്നു കല്പിക്കപ്പെട്ടിരുന്നതു്. ആഴ്ചയുടെ ഏഴാമത്തു ദിവസം വിശുദ്ധമാക്കിച്ചെയ്യണമെന്നായിരുന്നതിനാൽ, വിശ്വാസികൾക്കു ആ പരിശുദ്ധ ദിവസത്തിൽ യാതൊരു വേലയും ചെയ്യുവാൻ പാടില്ലായിരുന്നു. മാത്രമല്ല പ്രത്യേക പ്രാത്ഥനകളിലും, ദൈവാരാധനയിലും, ദൈവവചനപാരായണത്തിലും, ദൈവികചിന്തയിലും ദിവസം മുഴുവൻ വിനിയോഗിക്കണമെന്ന്

നിർബ്ബന്ധവുമായിരുന്നു. പഴയനിയമത്തിൽ സ്വസ്ഥതയുടെ ഈ ദിവസം, ഇന്നത്തെപ്പോലെ ഞായറാഴ്ച അല്ലായിരുന്നു, പ്രത്യുത ശനിയാഴ്ചയായിരുന്നുവെന്ന് നാം ഓക്കണം. സ്രഷ്ടാവായ ദൈവം ആറു ദിവസങ്ങൾകൊണ്ടു ഭൂലോകസൃഷ്ടി നിർവ്വഹിച്ചശേഷം, ൭-ാമത്തു ദിവസം സൃഷ്ടിയിൽനിന്നു വിരമിച്ച് സമാശ്വസിച്ചതിന്റെ സുസ്മരണയ്ക്കായിരുന്നു യഹൂദന്മാർ സ്വസ്ഥതയുടെ ദിവസം സാപൂജ്യമായി എന്നും സമാചരിച്ചിരുന്നത്.

യഹൂദമതത്തിന്റെ സ്ഥാനത്ത് കത്തോലിക്കമതം സംസ്ഥാപിതമായതുപോലെ, പഴയനിയമത്തിലെ സ്വസ്ഥദിവസമായ ശനിയാഴ്ച പുതിയനിയമത്തിൽ ഞായറാഴ്ചയായി കല്പിതമായി. ഞായറാഴ്ചയാകട്ടെ, ശനിയാഴ്ചയെക്കാൾ പരിശുദ്ധവും വിവിധരഹസ്യങ്ങളെ, അനുസ്മരിപ്പിക്കുന്നതിനു പററിയതുമാണ്. ന. ദിവ്യരക്ഷനാഥൻ മരണത്തേയും പിശാചിനേയും ജയിച്ച് പ്രഭാപൂരത്തോടെ ഉത്ഥിതനായതു ഞായറാഴ്ചയായിരുന്നു. പന്തക്കുസ്താദിവസം ആശ്വാസപ്രദായകനായ പരിശുദ്ധാത്മാവിനെ അയച്ച് ആഘോഷമായി തിരുസ്സഭയെ അവിടുന്നു സംസ്ഥാപിച്ചതും ഞായറാഴ്ചതന്നെ. പഴയനിയമത്തിൽ ഈ പ്രമാണം മൂന്നാമത്തേതാണെങ്കിൽ, പുതിയനിയമത്തിൽ തിരുസ്സഭയുടെ പ്രമാണങ്ങൾ എന്നറിയപ്പെടുന്നവയിൽ പ്രഥമവുമാണ്. തിരുസ്സഭയുടെ ഔദ്യോഗികമായ കാനോൻ സംഹിതകളിൽ ൧൨൪൭-ാം കനോനായി ഈ പ്രമാണത്തെ ചേർത്തിട്ടുമുണ്ട്. ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും ദിവ്യപൂജയിൽ സംബന്ധിക്കണമെന്നും, ചില പ്രവൃത്തികൾ ചെയ്യുന്നതിനു ഈ ദിവസങ്ങളിൽ പാടില്ല എന്നുമാണ് ഈ നിയമത്തിലെ രണ്ടു വശങ്ങൾ.

ഞായറാഴ്ചയും കടമുള്ള ദിവസവും ദിവ്യപൂജയിൽ സംബന്ധിക്കുന്നതിന് അഥവാ മുഴുവൻകുർബ്ബാന കാണുന്നതിന് ഘനമായ പാപത്തിൻകീഴ വിശ്വാസികൾക്കു കടമുണ്ട്. കുർബ്ബാനയാകട്ടെ, നമ്മുടെ എല്ലാ ആരാധനകൃത്യങ്ങളിൽവെച്ചു ഏററം പ്രധാനവും നമ്മുടെ മാതാത്മകകൃത്യങ്ങളുടെ കേന്ദ്രവുമാണ് എന്നു നാം അറിയണം. നമ്മുടെ ദിവ്യരക്ഷനാഥൻ ലോകത്തിന്റെ

ഉദ്ധാരണാർത്ഥം ഗാഗുൽത്താ മലമുകളിൽ കുരിശിന്മേൽ രക്തം ചിന്തിക്കൊണ്ടു അണച്ച ആ ദിവ്യബലിതന്നെയത്രെ രക്തം ചിന്താതെ എന്നുള്ള വ്യത്യാസത്തോടുകൂടി മാത്രം നമ്മുടെ അൾത്താരകളിൽ അർപ്പിക്കപ്പെടുന്നതു്. പഴയനിയമത്തിൽ ആരാധന, കൃതജ്ഞതാപ്രകാശനം, പാപപരിഹാരം, പ്രാർത്ഥന എന്നീ നിയോഗങ്ങൾക്കായി വിവിധബലികൾ അർപ്പിക്കപ്പെട്ടിരുന്നെങ്കിൽ, ഇന്നു തിരുസ്സഭയിൽ കുർബാന എന്ന ഏകബലികൊണ്ടു മുൻചൊന്ന നിയോഗങ്ങൾ എല്ലാം സാധിതമാകുന്നു. അതിനു അനന്തമായ യോഗ്യതയുമുണ്ടു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബ്ബാന മുഴുവനായി കാണണമെന്നേ നിർബന്ധമുള്ളു. അതു പാട്ടുകുർബ്ബാന ആയിരിക്കണമെന്നുമറവുമില്ല. എന്നാൽ വിശ്വാസികൾ പാട്ടുണ്ടെങ്കിൽ, തങ്ങളുടെ വികാരിമാർ കടമുള്ള ദിവസങ്ങളിൽ സ്വന്ത ഭരണത്തിനേല്പിക്കപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രത്യേകം സാഘോഷം അർപ്പിക്കുന്ന ബലിയിൽ സംബന്ധിക്കുന്നതിനും, അതിനോടനുബന്ധമായി നൾകുന്ന ഉപദേശം, പ്രസംഗം, പൊതുവായിട്ടുള്ള പരസ്യങ്ങൾ ഇവയിലും സംബന്ധിക്കുന്നതിന് ഉത്സാഹിക്കേണ്ടതാണ്.

കുർബ്ബാനയുടെ ആദ്യംമുതൽ അവസാനംവരെ സംബന്ധിക്കണം. താരതമ്യേന ദീർഘമായ ഒരു ഭാഗമോ, കുർബ്ബാനയുടെ പ്രധാന ഭാഗങ്ങളോ കാണാതെയിരുന്നാൽ കടം തികയുന്നതല്ല. കടം തികയ്ക്കുന്നതിനായി ഈ അവസരങ്ങളിൽ വേറൊരു കുർബാന കാണേണ്ടതായി വന്നുകൂടും. എന്നാൽ കുർബാനതുടങ്ങി കുറെ കഴിഞ്ഞുവരുന്നവരും, കഴിയുന്നതിനുമുമ്പു ദേവാലയംവിട്ടു പോകുന്നവരും, കുർബാനസമയത്തു ഇതര കൃത്യങ്ങളിൽ നിവൃതരാകുന്നവരും, അവർ മുഴുവൻ ദിവ്യപൂജയിൽ സംബന്ധിക്കാതിരിക്കുന്നതിനു മനസ്സറിഞ്ഞുകൊണ്ടു എത്രമാത്രം കാരണം നൽകിയിട്ടുണ്ടോ അത്രക്കു് അതു ഘനമോ ലഘുവോ ആയിട്ടുള്ള പാപമായിത്തീരും.

കടം തികക്കുന്നതിനു ശരീരരീത്യാ മാത്രം ദിവ്യപൂജയിൽ സന്നിഹിതമായാൽ പോരാ, മാനസികമായും അതിൽ സംബ

## ചെറുപുഷ്പസ്തവം.

ശ്രീമാൻ ജെ. എ. വേലിയത്തു് ബി. എ.

(വാനവാധിനായകാ – എ. മ.)

1. ലിസ്യുവിൽ വിലസിടും പ്രസൂനമേ നമോ നമോ,
പ്രശസ്തയേ നമോ നമോ, പ്രശോഭിതേ നമോ നമോ,
ഖിന്നരഭയമേ വരപ്രദായകി നമോ.
2. മെച്ചമോടെൻ സ്വർഗ്ഗജീവിതം നരർക്കു നൽവരം
പൊഴിച്ചിടുമനാരതം വരുത്തിടും സുഖം പരം–
വാഗ്ദാനമേവമോർത്ത സുപ്രസിദ്ധയേ നമോ.
3. ആധുനിക മാനവർക്കനന്ത സൌഖ്യലബ്ധി നീ
സുഗമ്യമാക്കി, യേശുവിൻ സനാതനാലയേ സദാ
സകല ഭവിക നിലയമായിട്ടരും ധന്യയെ നമോ. (ലിസ്യു)

---

ന്ധിക്കണം. ആയതിനാൽ യാതൊരുത്തൻ കുർബ്ബാനയിൽ മുഴുവനായോ, അഥവാ ഗണ്യമായ ഒരു ഭാഗത്തു മാത്രമോ സംസാരത്തിലോ, ഇതര കൃത്യങ്ങളിലോ, ഉറക്കത്തിലോ നിമഗ്നമായിപ്പോയാൽ അയാൾ കടം തികക്കുകയില്ല; വേറൊരു കുർബ്ബാനകൂടി കാണുന്നതിനു നിർബന്ധിതനായിത്തീരും. ദിവ്യപൂജ മതപരമായ നമ്മുടെ ഏററം സംപൂജ്യമായ ഒരു കൃത്യമാണെന്നുകരുതി തീക്ഷ്ണതാപൂർവ്വം ആ സമയം പ്രാർത്ഥനയിൽ വിശ്വാസികൾ വിനിയോഗിക്കണം. സംസാരം, ചിരി, വൃഥായുള്ള നോട്ടങ്ങൾ ആദിയായി പ്രാർത്ഥനയ്ക്കു യോജിക്കാത്ത പ്രവൃത്തികൾ നാം പരിവർജ്ജിച്ചേതീരൂ. ദിവ്യപൂജയിൽ പുരോഹിതൻ അപ്പവും വീഞ്ഞും കൂദാശ ചെയ്യുന്ന സമയമാണു് ഏററം പ്രധാനമായ ഭാഗം എന്നുകൂടി നാം അനുസ്മരിക്കണം. അപ്രകാരം സമർപ്പണം (കാഴ്ചവപ്പു) ദിവ്യകാരുണ്യസ്വീകരണസമയം ഇവയും വളരെ പൂജ്യമായ സമയങ്ങളാണു്.

കുർബ്ബാനയെത്തുടർന്നു കഴിക്കപ്പെടുന്ന വി. കുർബാനയുടെ വാഴ്വു്, പ്രസംഗം എന്നിങ്ങനെയുള്ള ചടങ്ങുകൾ കുർബ്ബാനയെപ്പോലെ ഘനമായ പാപത്തിൻകീഴ കല്പിക്കപ്പെടുന്നവയല്ല. എന്നാൽ അവയിൽ ഹൃദയംഗമമായി സംബന്ധിക്കുന്നതു് കടമുള്ള ദിവസങ്ങളെ ഭക്തിപൂർവ്വം ചിലവഴിക്കുന്നതിനു് പററിയ മാർഗ്ഗമാണു്. കുട്ടികൾ ഈ ഭക്തകൃത്യങ്ങളിൽ സംബന്ധിച്ചു തഴങ്ങുന്നതിനു മാതാപിതാക്കന്മാർ അവരുടെ ദൃഷ്ടാന്താകൊണ്ടും ഉപദേശംകൊണ്ടും അവരെ പ്രേരിപ്പിക്കേണ്ടതാകുന്നു. (തുടരും.)

# ആദത്തിൻെറ അധഃപതനം.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

(സ്വവജനങ്ങൾക്കും പ്രായംചെന്നവക്കും കണ്ടാനന്ദിക്കത്തക്കവണ്ണം പ്രഹസനങ്ങളും നാടകങ്ങളും ഇന്നു പ്രചുരപ്രചാരത്തിൽ വന്നിട്ടുണ്ടല്ലൊ. കൊച്ചുകുട്ടികൾക്കും അതു കണ്ടുരസിക്കാൻ സാധിക്കും. എന്നാൽ അഭിനയപരമായി അവരിൽ രൂഢമൂലമായിരിക്കുന്ന ആസക്തിയെ പൂരിപ്പിക്കുവാൻ ഈ നാടകങ്ങൾക്കോ പ്രഹസനങ്ങൾക്കോ (പരിതസ്ഥിതികളാൽ) സാധിച്ചെന്നു വരുന്നതല്ല. അതിനാലാണ് ഈ ലഘു പ്രഹസനം എഴുതുന്നതു്. ഇതു് അഭിനയിക്കുന്നതിന് വലിയ സ്റ്റേജുകളോ സീൻസുകളോ ആവശ്യമില്ലെന്നുള്ളതു് ഓക്കേണ്ടതാണ്. മഴയില്ലാത്ത അവസരങ്ങളിൽ തോട്ടത്തിലുള്ള വല്ല വൃക്ഷങ്ങളുടേയും സമീപത്തിൽവച്ചു് സായങ്കാലങ്ങളിൽ ഇതു് കുട്ടികൾക്ക് അഭിനയിക്കാവുന്നതാണ്. മൂന്നുനാലു കുട്ടികൾ വേണമെന്നേ ഉള്ളൂ. വീട്ടിൽവരുന്ന അതിഥികളെ രസിപ്പിക്കുന്നതിനുവേണ്ടിയും ഇതഭിനയിക്കാവുന്നതാണ്. വേദപാഠക്ലാസുകളിൽ ഒരു വിനോദത്തിനായും ഉപകരിക്കുന്നതാണ്.

രംഗം: ഏദൻതോട്ടം.

പാത്രങ്ങൾ: ആദം; ഹാവാ; മാലാഖ; സപ്പം.)

ഹാവാ (പ്രവേശിച്ചു്, ആത്മഗതം): എന്തൊരു ആനന്ദപ്രദമായ പൂന്തോട്ടം! ഇവ സൃഷ്ടിച്ച ദൈവം എത്ര നല്ലവനും, മഹാ ശക്തനും, അത്ഭുതചരിതനുമായിരിക്കണം. അങ്ങയോടു് തുല്യനായി ആരാണുള്ളതു്!! മുകളിൽ കാണുന്ന ആകാശവും കീഴെ കാണുന്ന ഭൂമിയും സൃഷ്ടിച്ചതു് അവിടുത്തെ കൈകളാകുന്നു! അവയെല്ലാം ഞങ്ങൾക്കുവേണ്ടിയും ........(വിലക്കപ്പെട്ട മരത്തിന് അടുത്തുപോകുന്നു) ഈ പൂന്തോട്ടത്തിലുള്ളതിലേയ്ക്കും ഏററവും മനോഹരമായ വൃക്ഷമാണ് ഇതു്. എല്ലാം മനോഹരമാകുന്നു; എന്നാൽ ഇതു അധികം മനോഹരമായി കാണപ്പെടുന്നു. ഈ പുഷ്പങ്ങൾ കണ്ണിന്നാനന്ദത്തെയും, അതിൻെറ സുഗന്ധം മൂക്കി

ന്ന സുഖത്തെയും പ്രദാനംചെയ്യുന്നു. അതിന്റെ ഫലങ്ങൾ നാക്കിന് എത്ര സ്വാദുള്ളതായിരിക്കണം....അതിൽ ഒന്നു പറിച്ചെടുക്കുക എനിക്കു സന്തോഷകരമാകുന്നു....എന്നാൽ അതു തിന്നരുതെന്ന് ദൈവം ഞങ്ങളോട് കല്പിച്ചിട്ടുണ്ട്. അത് എന്തുകൊണ്ടായിരിക്കാം? ഇവിടെ കുറെ നേരം ഇരുന്ന് മനോഹരങ്ങളായ ഈ കാഴ്ചകൾകണ്ട് ആനന്ദിക്കാം. (മരത്തിനു സമീപമിരിക്കുന്നു. സർപ്പം പ്രവേശിക്കുന്നു.)

സർപ്പം: ഭവതി ഇരിക്കുവാൻ തിരഞ്ഞെടുത്ത സ്ഥലം എത്ര ആനന്ദപ്രദായകമായിട്ടുള്ളതാണെന്നു അറിയാമോ ?

ഹാവാ: ഞാൻ സാധാരണ ഇരിക്കാറുള്ളത് ഇവിടെയാണല്ലൊ. ഇത് ഒരു നല്ല സ്ഥലംതന്നെ ആണോ ?

സർപ്പം: എന്തു സംശയം....ഇപ്പോൾ വിശപ്പും ദാഹവും തോന്നുന്നുണ്ടോ ?

ഹാവാ: ഉവ്വ്. എന്തെങ്കിലും ഭക്ഷിച്ചാൽ കൊള്ളാമെന്നു എനിക്കു തോന്നാതിരിക്കുന്നില്ല.

സർപ്പം: അതിനെന്താണ്. രക്തക്കുടം പോലെയുള്ള നല്ല പഴങ്ങളല്ലേ അങ്ങു തൂങ്ങിക്കിടക്കുന്നത്. ഈ പഴങ്ങൾ തിന്നിട്ടുണ്ടോ ?

ഹാവാ: പഴങ്ങളൊ! ഏദൻതോട്ടത്തിലെ പഴങ്ങളുടെ സ്വാദ് ജഗൽപ്രസിദ്ധമല്ലേ.

സർപ്പം: അതേ. പക്ഷെ ഞാൻ ഉദ്ദേശിച്ചത് അതാ ഈ മരത്തിലെ പഴങ്ങളെക്കുറിച്ചാണ്.

ഹാവാ: (സംഭ്രമത്തോടുകൂടി) ആ മരത്തിലേയൊ.... ഒരിക്കലുമില്ല.

സർപ്പം: എന്തൊരു കഷ്ടം! ഈ ഏദൻപൂന്തോട്ടത്തിലുള്ള പഴങ്ങളിൽ ഏററവും മനോഹരവും ഏററവും സ്വാദുള്ളതും ഇതുമാത്രമാകുന്നു.

ഹാവാ: ആയിരിക്കാം.

സർപ്പം: നോക്കു. അതെത്ര സുന്ദരമായിരിക്കുന്നു. വിശപ്പും ദാഹ

വും തീരുന്നതിന്ന അതിൽ ഒരു പഴം തിന്നാൽ മാത്രം പോരേ ?

ഹാവാ: നിറം, മണം എല്ലാം വളരെ നല്ലതുതന്നെ. രുചിയോ? .... ആക്കറിയാം ?

സപ്പം: ഒന്ന തിന്നാൽ മതി; നിങ്ങളുടെ ഹൃദയം ആനന്ദവും തൃപ്തിയുംകൊണ്ടു നിറയുന്നതാണ്. ഒന്ന തിന്നു നോക്കിയാലും.

ഹാവാ: അതെങ്ങനെ ? അത് തിന്നപോകരുതെന്ന ദൈവം കൾനമായ കല്പന തന്നിട്ടുണ്ട്.

സപ്പം: ഏ! എന്ത്! ആരും കാണുകയില്ലല്ലോ. ഒന്നു-ഒരേ ഒരെണ്ണം തിന്നുനോക്കുക. അപ്പോൾ അറിയാം അതിന്റെ രുചി എത്ര ആനന്ദകരമാണെന്ന്.

ഹാവാ: അതിൽ ഒന്ന തിന്നണമെന്നു ഞാൻ വിചാരിക്കുന്നില്ല.

സപ്പം: എന്തുകൊണ്ട് ?

ഹാവാ: ഞാൻ പറഞ്ഞില്ലേ ദൈവം അതു തിന്നരുതെന്നു വിലക്കിയിട്ടുണ്ടെന്ന്. ഞങ്ങൾക്കു തിന്നുവാൻ വേറെ ധാരാളം പഴങ്ങൾ മററു മരങ്ങളിലുണ്ടല്ലൊ. ഈ മരത്തിലെ പഴം ഞങ്ങൾ തിന്നുകയില്ല.

സപ്പം: ഓഹോ തിന്നുകയില്ലേ ?

ഹാവാ: ഇല്ല തിന്നുകയില്ല, നിശ്ചയം.

സപ്പം: എന്നാൽ ഭവതി ശ്രദ്ധിച്ചുകേൾക്കുക. ഞാൻ ഒരു രഹസ്യം പറയാം.

ഹാവാ: എന്ത്. രഹസ്യമോ ? പറയൂ. കേൾക്കട്ടെ.

സപ്പം: (ചുററിലും നോക്കി) അടുത്ത് ആരുമില്ലേ ? ഇല്ല. ഈ പഴം തിന്നരുതെന്നു ദൈവം വിലക്കിയിരിക്കുന്നത് ഇതു തിന്നാൽ നിങ്ങളും ദൈവത്തെപ്പോലെ ബുദ്ധിയുള്ളവരായിത്തീരുമെന്നുള്ളതുകൊണ്ടാണ്.

ഹാവ: എന്ത്. അതു വാസ്തവമാണോ ?

സപ്പം: അതേ ! വാസ്തവംതന്നെ. ഭവതി അതീവ സുന്ദരിയല്ലേ? അതുപോലെ ബുദ്ധിമതിയുമായിരുന്നെങ്കിൽ ! ഇപ്പോൾ

നിങ്ങൾക്കു മറഞ്ഞിരിക്കുന്ന അത്ഭുതങ്ങളും രഹസ്യങ്ങളും നിങ്ങൾക്ക് ബോധപ്പെടുകയാണെങ്കിൽ - അന്നു ഞാൻ ഭവതിയെ എൻെറ രാജ്ഞി! എൻെറ ദേവി! എന്നു വിളിക്കുകയില്ലയോ ?

ഹാവ: എൻെറ രാജ്ഞി! എൻെറ ദേവി!!

സപ്പം: അതിനു വേണ്ടത് നിങ്ങൾ ഈ മരത്തിലെ ഒരു പഴം തിന്നുക. അത്രമാത്രം.

ഹാവ: ഓ! അതുവേണ്ട.

സപ്പം: എന്ത് ഭവതി ഇത്ര ഭീരുവാണോ? ഭവതിയെപ്പോലെ ശക്തയും സുന്ദരിയുമായ ഒരു സ്ത്രീ ഭയപ്പെടുകയോ? ഭവതിക്കു എന്നെ വിശ്വസിച്ചുകൂടെയോ ?

ഹാവ: നീ പറയുന്നതിൽ എനിക്കു വിശ്വാസമില്ലാഞ്ഞിട്ടല്ല, ഭയപ്പെട്ടിട്ടുമല്ല.

സപ്പം: ഭയമില്ലേ ? വാസ്തവം. എന്നാൽ അതു പ്രവൃത്തിയാൽ തെളിയിക്കുക. (ഹാവ സംശയിക്കുന്നു. പിന്നെ പഴം പറിക്കുന്നു. ആദം പ്രവേശിക്കുന്നു.)

സപ്പം: ആ. ഇതാ ആദം. ഭവതി ഭാഗ്യവതിതന്നെ. ഒരു പഴം അദ്ദേഹത്തിനും കൊടുക്കുക.

ആദം: ഹാവായേ! ഭവതി എന്താണു ചെയ്യുന്നത്? അരുതേ.

ഹാവ: അങ്ങു ശ്രദ്ധിക്കുക. അത്ഭുതകരമായ ഒരു ദാനം നമുക്കു ഇതാ ദത്തമായിരിക്കുന്നു. സപ്പം ഇതിൻെറ രഹസ്യമെല്ലാം എന്നോടു പറഞ്ഞിട്ടുണ്ട്.

ആദം: ഭവതി പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല.

ഹാവ: ഞാൻ പറഞ്ഞതു മറ്റൊന്നുമല്ല. ഈ മരത്തിലെ ഒരു പഴം നാം തിന്നാൽ മതി, നാം ദൈവത്തേപ്പോലെ ആയിത്തീരുന്നതാണ്.

സപ്പം: ആ രഹസ്യം നിങ്ങളിൽനിന്നു മറച്ചുവച്ചിരിക്കുകയാകുന്നു. ഒരെണ്ണം തിന്നാൽ അപ്പോൾ അറിയാം വിശേഷം.

ആദം: പക്ഷെ—

ഹാവ: ഏതായാലും ആ രഹസ്യം എനിക്കറിയണം. (പഴം തി

ന്നുകയും ഒന്നുരണ്ടു് ആദത്തിനു കൊടുക്കുകയും ചെയ്യുന്നു.)
അങ്ങേക്കു എന്താ ഭയമുണ്ടോ?

ആദം: തീച്ചയായും ഭയമില്ല. (പഴം തിന്നുന്നു)

സപ്പം: (അവരെ ആക്ഷേപിച്ചുകൊണ്ടു) ഹാ! ഹാ! ഹാ!

ആദം: ഡ്ഹും! നീ എന്തിനാണു് ചിരിക്കുന്നതു്?

സപ്പം: ഹാ! ഹാ! ആദം ശക്തനായി! ഹാവ ബുദ്ധിമതിയുമായി!! ദൈവത്തെപ്പോലെ.

ആദം: അയ്യോ! നാം പാപം ചെയ്തല്ലൊ?

ഹാവ: അയ്യോ! നാമെന്തിനാണു് അതു തിന്നതു്!! ഇനി നാം എന്താണു് ചെയ്യേണ്ടതു്?

സപ്പം: ഒന്നുമില്ല. ഇനി ഒന്നും ചെയ്യുവാനില്ല. നിങ്ങൾ നശിക്കപ്പെട്ടിരിക്കുന്നു. ഹ. ഹ.

ഹാവ: അയ്യൊ! കഷ്ടം.

ആദം: ഇതാ! തണുത്ത കാററു വീശുന്നുവല്ലൊ.

ഹാവ: പഷ്പങ്ങൾ കൊഴിയുന്നു.

ആദം: ആകാശം ഇരുണ്ടുകൂടുന്നു.

ഹാവ: ഭത്താവേ, എനിക്കു ഭയമാകുന്നു. എൻെറ ദേഹമാസകലം വിറക്കുന്നു. (മാലാഖാ കയ്യിൽ വാളുമായി പ്രവേശിക്കുന്നു.)

മാലാഖ: ഞാൻ ദൈവത്തിൻെറ ദൂതനാകുന്നു. നിങ്ങൾ ദൈവത്തിൻെറ കല്പനകളെ ലംഘിച്ചിരിക്കുന്നു. എന്തു്?

ആദം: ദൈവം എനിക്കു സഹചാരിണിയായിത്തന്ന ഹാവാ എനിക്കു ആ പഴം തന്നു. ഞാൻ തിന്നുകയുംചെയ്തു.

ഹാവ: (ഇടയ്ക്കു കയറിയെന്നപോലെ) ഈ പഴം തിന്നുന്നതിനു സപ്പം എന്നെ പ്രേരിപ്പിച്ചതുകൊണ്ടാണു്. അയ്യൊ!

സപ്പം: അവർ അവരുടെ സ്വാതന്ത്ര്യബുദ്ധി ഉപയോഗിച്ചാണു് തിന്നതു്.

മാലാഖ: നിങ്ങൾ പാപം ചെയ്തതുകൊണ്ടു അതിൻെറ ഫലം നിങ്ങൾ അനുഭവിക്കണം. സപ്പമേ, നീ ഭൂമിയിൽ മേലിൽ ഇഴഞ്ഞു നടക്കണം. (സപ്പം കോപംകൊണ്ടു അട്ടഹ

സിക്കുന്നു.) കത്താവായ ദൈവം ഇങ്ങനെ കല്പിക്കുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉണ്ടാക്കും; അവൾ നിന്റെ തലയെ ചതക്കും; നീ അവളുടെ കുതികാലിൽ കടിക്കയും ചെയ്യും." ആദമേ, ഹാവായേ, നിങ്ങൾക്കു ഇനി ഏദനിൽ താമസിക്കുവാൻ അവകാശമില്ല.

ഹാവാ: അയ്യോ!

മാലാഖ: ദൈവമായ കത്താവു അരുളിച്ചെയ്യുന്നു: (ഹാവായോടു) "നിന്റെ ദുഃഖങ്ങളും ഗർഭാരണങ്ങളും ഞാൻ അധികമായി വർദ്ധിപ്പിക്കും. വേദനകളോടുകൂടി കുട്ടികളെ നീ പ്രസവിക്കും. നിന്റെ ഭർത്താവിന്റെ പക്കലേക്കു നീ തിരിയും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും." (ആദത്തിനോട്) "വിലക്കപ്പെട്ട കനി നീ ഭക്ഷിച്ചതുനിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. അതിനി നിനക്കു മുള്ളുകളും മുൾപ്പടപ്പുകളും മാത്രമേ മുളപ്പിക്കുകയുള്ളൂ. ഈ ഏദൻ നിനക്കവകാശപ്പെട്ടുകയില്ല."

ആദം: ഹാ! ഞങ്ങൾ ഇവിടെനിന്നു ഇനി എങ്ങോട്ടേയ്ക്കു പോകേണ്ടു!!

മാലാഖ: ഏദനിൽനിന്നു പുറപ്പെട്ടുചെന്നു ഭൂമിയിൽ കൃഷി ചെയ്യുക: നിന്റെ നെററിയിലെ വിയപ്പുകൊണ്ടു നീ ഭക്ഷിക്കുക. നിന്റെ പാപത്തിനു നീ അങ്ങനെ പരിഹാരം ചെയ്യുക.

ഹാവ: നാം കഠിനമായ ശിക്ഷയ്ക്കു അർഹരായിരിക്കുന്നു.

ആദം: നമുക്കു ദൈവം എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. (കരയുന്നു)

മാലാഖ: ഇല്ല. അവിടുന്നു നിങ്ങളെ സ്മരിക്കുന്നതാണു്. സപ്പത്തിനു നല്കിയ ശിക്ഷയിൽതന്നെ അവിടുന്നു നിങ്ങളോടൊരു വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഹാവായെ ഭവതി കരയണ്ട; എന്തെന്നാൽ ഒരു രണ്ടാം ഹാവായിൽനിന്നു നിങ്ങൾക്കു രക്ഷയുണ്ടാകും. ഇതു് നിങ്ങൾ ഓർത്തുകൊൾക: "ഇ

താ! ഒരു കന്യക ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കും. അവൻെറ പേരു എമ്മാനുവേൽ എന്നു വിളിക്കപ്പെടും." നിങ്ങൾക്കു ഒരു രക്ഷകൻ വരും—മനുഷ്യവർഗ്ഗത്തിനാകമാനമായി ഒരു ദിവ്യരക്ഷകൻ. ആദമേ, ഹാവായേ, നിങ്ങൾ ഭീരുക്കളാകാതിരിക്കുക. നിങ്ങൾ പോയി ഭൂമിയിൽ പ്രയത്നിക്കുക. ദൈവത്തെ സ്നേഹിക്കുകയും, അങ്ങയെ വിശ്വസ്തതയോടെ സേവിക്കുകയും ചെയ്യുക. അങ്ങേ കരുണയ്ക്കു വേണ്ടി എല്ലായ്പ്പോഴും അങ്ങയോടു കൃതജ്ഞരായിരിക്കുക.

ആദവും ഹാവായും: അതേ ഇനി നമ്മുടെ പ്രത്യാശയും രക്ഷയും രണ്ടാമത്തെ ഹാവായായ ആ കന്യകയും അവളുടെ പുത്രനായ ദിവ്യരക്ഷകനും മാത്രമാകുന്നു. (കരഞ്ഞു പോകുന്നു.)

മാലാഖ: ആമ്മേൻ; (വാളൂരിപ്പിടിച്ചുകൊണ്ട് വാതില്ക്കൽ കാവൽനില്ക്കുന്നു.)	(ശുഭം)

## താരകയോട്

(മഞ്ജരി)

(ശ്രീമാൻ പോൾ അഗസ്റ്റസ്സ്.)

താരമെ! നിന്നെ ഞാൻ നോക്കിനിന്നന്ധനായ്–
ത്തീരുന്നു, തിരുന്നു ചിന്തയെല്ലാം.
ദ്യോവെന്ന ദൈവികോദ്യാനഭൂവിങ്കലെ
ദിവ്യ വിഹംഗപ്രവീരനാം നീ
തത്തിക്കളിച്ചത്ര വാഴുന്ന വേളയിൽ
മുത്താർന്ന ഗീതികളാലപിച്ചാൽ
ഞാനതു കേട്ടതിതുഷ്ടനും സംശയ-
ഹീനനുമായി ഭവിക്കുകില്ലേ?
പക്ഷങ്ങൾ മെല്ലെ വിടുർത്തിപ്പറക്കുന്ന-
തക്ഷിയ്ക്കു മിന്നിത്തിളക്കമായി
തോന്നുന്നതാവാമെന്നാകിലും താവക
ത്രാണിയെ ധ്യാനിപ്പാനൊത്തവണ്ണം

സംഗീതമൊന്നു നീയാലപിച്ചീടുകി-
ലിംഗിതമൊക്കെയും ലബ്ധമായി.

ലോകൈക രക്ഷകനായുള്ള ദേവൻെറ
നാകമാമുദ്യാനേ വാസിയായ് നീ
അദ്ദിവ്യരക്ഷകൻ നട്ടുവളത്തുന്ന
പാവനശാസന കല്പകങ്ങൾ
കായ്ച്ചുനിബിഡമായ് മിന്നിടുമുത്തമ-
മാതൃകയെന്നുള്ള ഫലങ്ങളെ
സന്തതം കൈവരിച്ചാഹരിച്ചെത്രയും
സന്തുഷ്ടിപൂണ്ടു നീ വാഴ്കയല്ലെ?

ഇത്രയും ഭാഗ്യാതിരേകത്തിൽ വാഴുകിൽ
കത്തവ്യബോധം ജനിക്കയില്ലെ?

നന്ദികേടെന്നതീലോകത്തിൽ മാത്രമെ-
ന്നൊന്നു ഞാൻ ചിന്തിച്ചുപോയി മുന്നം
സൌഖ്യസമൃദ്ധിയിലാക്കമെവിടെയും
കത്തവ്യവിസ്മൃതികാണുമെന്നോ?
അല്ലാഞ്ഞിലിത്രയും ഭാഗ്യത്തിൽ നിൻസ്ഥിതി
കല്യാണമാക്കിയ ധന്യനെ നീ
ഓക്കാതെ മൌനിയായ് വത്തിച്ചു സവ്വദാ
കാലം കളയുന്നതെന്തുമൂലം?

മൌനത്തെ സ്വണ്ണമായ് മാറേററിക്കാണിച്ച
സോളമനാകുമോ നിൻെറ ഗുരു?
അല്ലെങ്കിൽ നീയൊരു നല്ലകഥകളി
ക്കാരനായ് ത്തീരുവാൻ ഭാവിക്കയോ?
അല്ലാഞ്ഞിൽ നിൻഗാനമെൻെറ ശ്രവസ്സിന്നു
നല്ലപോൽ കേൾക്കുവാൻ സാദ്ധ്യമാകും

ദൂരത്തിലല്ല നീ മേവുന്നതെന്നാണൊ
കാരണം താരകേ! സാരഭൂതം?
സ്വർഗ്ഗീയഗീതികൾ ലൌകികന്മാരുടെ
വഗ്ഗത്തിനഗ്രാഹ്യമെന്നതാമോ?
ദൈവികമാഹാത്മ്യം വണ്ണിപ്പതിന്നുള്ള
ദിവ്യമാം വാക്കുകൾ തോന്നിടാതെ

നിശ്ശബ്ദം നിന്നുകൊണ്ടംബരന്നാകയാ-
ലിത്തരം വൃത്തിതുടരുകയെന്യേ?
എന്തെന്തു സംശയം! - തീരുവാൻ മാറ്റമൊ-
ന്നന്തരംഗത്തിൽ സ്ഫുരിക്കുന്നിതാ!
നിൻകരകന്ദളം നീട്ടി നീ കാട്ടുകിൽ
എന്റെ കൈകൾ കൊണ്ടതു ഞാൻ പിടിച്ചു
താവകചാരത്തേക്കെത്തിടാം സംശയം
കേവലം നീക്കിത്തെളിഞ്ഞു വാഴാം.
ആയതിന്നായി ഞാൻ നിന്നെ ക്ഷണിക്കുന്നേ-
നായതവേഗം ശ്രവിക്കുമോ നീ?

## വിശുദ്ധ യോബ്.

(ശ്രീമാൻ പി. കെ. ആൻറണി)

പഴയനിയമത്തിലെ വിശിഷ്ടസംഭവങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് വി. യോബിന്റെ ചരിത്രം. മാത്രമല്ല അതു് ആധുനികലോകത്തിലെ ചില പരിഷ്കാരികൾ "ദൈവം സർവ്വനന്മയും സർവ്വശക്തനുമാകുന്നെങ്കിൽ എന്തുകൊണ്ടവിടുന്നു ഇത്രമാത്രം ദുഃഖദുരിതങ്ങൾ ലോകത്തിൽ പ്രവേശിക്കുന്നതിനനുവദിക്കുന്നു?" എന്നു ചോദിക്കുന്നതിന് ഒരു സന്ദർഭോചിതമായ മറുപടിയും കൂടിയാണ്. പാപികൾ അവരുടെ ദുഷ്കൃത്യങ്ങൾക്കു ശരിയാംവണ്ണം ശിക്ഷ അനുഭവിക്കേണ്ടതാണെന്നു നമുക്കെല്ലാവർക്കും അറിയാം. എന്നാൽ എന്തുകൊണ്ടു ദൈവം നിരപരാധികളായ മനുഷ്യർ ക്ലേശങ്ങളും വിമ്മിട്ടങ്ങളും സഹിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു? എന്തുകൊണ്ടാണ് അവിടുന്നു നിർഭാഗ്യവും നിരാശയും, ക്ഷാമവും, പരാജയങ്ങളും സുഹൃത്തുക്കളെ പിൻചെല്ലുന്നതിനു അനുവദിക്കുന്നതു്? എന്തുകൊണ്ടാണ് ആ നീതിസ്വരൂപൻ സങ്കടങ്ങളും ദുരിതങ്ങളും തന്റെ വിശ്വസ്ത ആത്മാക്കൾക്കു വിഭജിച്ചുകൊടുക്കുന്നതു്?

വി. യോബിൻെറ ചരിത്രം എപ്രകാരം ലോകത്തിലെ കഷ്ടാരിഷ്ടതകഠം അനൎത്ഥംശംപോലും ദൈവമഹത്വത്തേക്കുറക്കാതെ അതിനെ വൎദ്ധമാനമാക്കുന്നതിനു സഹായിക്കുന്നെന്നു നാം ഏവരെയും ഗ്രഹിപ്പിക്കുന്നു. വി. യോബ് നീതിമാനും പരമാൎത്ഥിയുമായ ഒരു മനുഷ്യനും, ദൈവത്തിൻെറ ഒരു വിശ്വസ്തദാസനുമായിരുന്നു. അദ്ദേഹം, വളരെ വിസ്താരമേറിയ സ്ഥലം, തടിച്ചുമെഴുത്ത മൃഗങ്ങഠം, വിശ്വസ്തരായ ദാസന്മാർ, ദൈവഭക്തരായ കുടുംബാംഗങ്ങഠം മുതലായവയുടെ രക്ഷിതാവായിരുന്നതിനാൽ സംശയമെന്യേ സമ്പന്നനും സന്തുഷ്ടനുമായിരുന്നെന്നു നമുക്കു അനുമാനിക്കാം. ദൈവം അദ്ദേഹത്തിൻെറ സത്യസന്ധതയിൽ സന്തോഷിച്ചെങ്കിലും സാത്താനതിൽ അസൂയാകലുഷനായി ഭവിച്ചു: "ഇപ്പോഠം ദൈവഭയത്തിൽ ജീവിക്കുന്നതിനു യോബിനെളുപ്പമാണ്. അങ്ങുന്നു എല്ലാത്തിൻേറയും സമൃദ്ധി അവനു നല്കിയിട്ടുണ്ട്.... എന്നാൽ അവനുള്ളതെല്ലാം അവിടുന്നു പിൻവലിക്കുന്നതായാൽ അവൻ അവിടുത്തെ സ്നേഹിക്കുകയില്ല." ഏതൻമൂലം അദ്ദേഹത്തിൻെറ പുണ്യപൂൎണ്ണതയെ തെളിയിക്കുന്നതിനുവേണ്ടി ദൈവം കഷ്ടാരിഷ്ടതകളെക്കൊണ്ടു അദ്ദേഹത്തെ ആച്ഛാദനംചെയ്യുന്നതിനു സാത്താനനുമതിനല്കി.

തൽക്ഷണം ശത്രുക്കഠം അദ്ദേഹത്തിൻെറ പശുക്കളേയും ഒട്ടകങ്ങളേയും ആക്രമിച്ചു; ഭൃത്യന്മാരെ വാളിനിരയാക്കി. ഇടിവെട്ടുകൊണ്ടു ആടുമാടുകഠം നശിച്ചു അദ്ദേഹത്തിൻെറ മക്കഠം ഉല്ലസിച്ചുകൊണ്ടിരുന്ന കെട്ടിടത്തിൻെറ ഭിത്തികഠം ഒരു കൊടുങ്കാററുമൂലം മറിഞ്ഞു അവരുടെ ദേഹത്തിൽ വീണതിനാൽ അവർ എല്ലാവരും മൃതിയടഞ്ഞു ഇങ്ങനെ സമ്പത്ത്, ബന്ധുക്കഠം, ഭൃത്യന്മാർ ഇവയൊക്കെനശിച്ച വി. യോബ് ദൈവചിത്തത്തിൽ അസ്വാസ്ഥ്യം പ്രദൎശിപ്പിച്ചില്ല. അദ്ദേഹം പരിതാപസൂചകമായി തൻെറ വസ്ത്രത്തെ കീറി, ശിരസ്സു താഴ്ത്തി തപിച്ചുകൊണ്ടിരുന്നു; എങ്കിലും തൽസമയംതന്നെ "കൎത്താവു തന്നു, കൎത്താവു എടുത്തു. കൎത്താവിൻെറ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു ചൊല്ലി സ്രഷ്ടാവിനെ സ്തുതിച്ചിരുന്നു.

ഇതുകൊണ്ടൊന്നും സാത്താൻ തൃപ്തനായില്ല. വീണ്ടും സാത്താൻ പറഞ്ഞു, "അവിടുത്തെ കൈകൾ നീട്ടി അവന്റെ മാംസത്തേയും അസ്ഥിയേയും സ്പർശിക്കുക, എന്നാൽ അവൻ അവിടുത്തെ സ്തുതിക്കയില്ല" ഈ അഭിപ്രായത്തിനു ആനുകൂല്യം പ്രദർശിപ്പിച്ച ദൈവം, യോബിന്റെ ദേഹത്തിൽ ഒരു വിഷതൈലം പൂശുന്നതിനു സാത്താനനുവദിക്കുകയും, തൽഫലമായി ആ ദൈവദാസൻ അവർണ്ണനീയമായ പീഡകൾ അനുഭവിക്കുകയും ചെയ്തെങ്കിലും അദ്ദേഹം സ്രഷ്ടാവിന്റെ പ്രവൃത്തിയേക്കുറിച്ചു പരാതി പറഞ്ഞില്ല. അദ്ദേഹത്തിന്റെ പ്രിയതമക്കുകൂടിയും ഈ അന്യാദൃശ ക്ഷമയുടെ അർത്ഥം മനസ്സിലായില്ല; മാത്രമല്ല കഥാനായകന്റെ സഹനസമയത്തുള്ള ദൈവസ്തുതി അദ്ദേഹത്തെ തന്റെ സഖിയുടെ പരിഹാസപാത്രമാക്കുകയാണുണ്ടായത്. വി. യോബു് ഈ ആപൽഗത്തത്തിലും, "നാം നന്മകൾ ദൈവതൃക്കൈകളിൽനിന്നും സ്വീകരിച്ചിട്ടുണ്ടെങ്കിൽ, എന്തുകൊണ്ടു നമുക്കു തിന്മയായി തോന്നുന്നവകളെ സ്വീകരിക്കുന്നില്ല? എന്നുപറഞ്ഞു സമാധാനിക്കുകയാണു് ചെയ്തതു്.

ഈ വിഷമഘട്ടത്തിൽ വി. യോബിന്റെ സ്നേഹിതന്മാർ അദ്ദേഹത്തെക്കാണാൻ വന്നു, പക്ഷെ അവരുടെ സന്ദർശനവും സാന്ത്വനവാക്കുകളും അദ്ദേഹത്തിനു നവംനവങ്ങളായ ക്ലേശങ്ങളും അസമാധാനവും ഉളവാക്കി. വി. യോബിന്റെ കഷ്ടാരിഷ്ടതകൾ അദ്ദേഹത്തിനോടു ദൈവത്തിനുള്ള അതൃപ്തിയുടെ ഒരു ബാഹ്യലക്ഷണമാണെന്നും ഭാവിയിൽ അദ്ദേഹത്തിനു ദൈവസ്നേഹത്തിൽ ഒന്നിക്കുന്നതു അസാദ്ധ്യമാണെന്നും അവർ ജല്പിക്കാൻ മടിച്ചില്ല. ഈ അവസരത്തിൽ നമ്മുടെ വിശുദ്ധൻ കൊടുത്ത മറുപടിയാണു് നാം ഏവരേയും വിസ്മയചിത്തരാക്കുന്നതു് "അവിടുന്നു എന്നെ കൊല്ലുകയാണെങ്കിലും ഞാൻ അങ്ങയിൽ വിശ്വസിക്കും."

പരമകാരുണികനായ ദൈവം തന്റെ വിശ്വസ്തദാസന്റെ ക്ഷമയ്ക്കു സമ്മാനം കൊടുക്കാൻ അധികം താമസിച്ചില്ല. വി. യോബിന്റെ അനന്തരജീവിതം മുമ്പിലത്തേതിനെക്കാൾ സന്തോഷസമ്പൂർണ്ണമുള്ളതാക്കിക്കൊണ്ടു ആ സർവ്വസ്വരൂപൻ അദ്ദേഹത്തെ ഇഹലോകത്തിൽവെച്ചുതന്നെ മഹത്വപ്പെടുത്തി. അവിടുന്നു അദ്ദേഹത്തിന്റെ സുഖക്കേടു നീക്കി, സമ്പത്തു വർദ്ധി

പ്പിച്ചു; കൂടാതെ അദ്ദേഹത്തിന്റെ മരിച്ചുപോയ മക്കൾക്കുപകരം ഏഴു ആൺകുട്ടികളേയും മൂന്നു പെൺകുട്ടികളേയുംകൂടി പ്രദാനംചെയ്തു. മേൽപറയപ്പെട്ടവയെല്ലാം നടന്നതിനുശേഷം ഒരു നൂററിനാല്പതു കൊല്ലങ്ങൾകൂടി നമ്മുടെ വിശുദ്ധൻ ജീവിച്ചിരുന്നു. തന്റെ സമ്പൽസമൃദ്ധിയോടുകൂടിയ ഈ ജീവിതഘട്ടത്തിൽ വി. യോബിനു തന്റെ മക്കളേയും മക്കളുടെ മക്കളേയും എന്നുവേണ്ട നാലാം തലമുറ വരെയുള്ള ബന്ധുമിത്രങ്ങളേയും കാണ്മാൻ ഭാഗ്യം സിദ്ധിച്ചു.

ദൈവം നമുക്കു കഷ്ടാരിഷ്ടതകളെ യാത്രയാക്കുന്നതു് അവയെ നന്മകളാക്കി പകൎത്തുന്നതിനു അവിടുത്തേക്കു ശക്തിയുള്ളതുകൊണ്ടാണ്. എന്നാൽ അവയെ ക്ഷമയുള്ളതായ സഹനം വഴിയായി വി. യോബിനെപ്പോലെ ദൈവമഹത്വത്തെ വൎദ്ധിപ്പിക്കുന്നതിനു ഉപകരിപ്പിക്കാം. ആയതിനാൽ ഇപ്പോഴത്തെ സാമ്പത്തികാധഃപതനം ദുഷ്ടന്മാരെ ദൈവത്തിലേക്കു തിരിക്കുന്നതിനും ശിഷ്ടന്മാർ അതു സ്വഭാവാതീത ന്യായത്താൽ ക്ഷമിച്ചു ദൈവമഹത്വത്തെ വൎദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരുത്തമ മാൎഗ്ഗമാണെന്നു നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

---

## എരുമപ്പാലും തേയിലയും.

(എൻ. കെ വാദ്ധ്യാർ.)

പാനീയങ്ങളുടെ കൂട്ടത്തിൽ എരുമപ്പാലും, തേയിലയും വൎജ്ജിക്കേണ്ടവയാണ്. പശുവിൻപാലോ ആട്ടിൻപാലോ കിട്ടാതെവന്നാൽ ശുദ്ധജലം കുടിച്ചാൽ വളരെ ഉപകാരപ്രദമായിരിക്കും. ശുദ്ധജലം കുടിച്ചാൽ ഉണ്ടാകുന്ന ഗുണം അവൎണ്ണനീയമാണ്. തേയിലയുടേയും എരുമപ്പാലിന്റേയും ഉപയോഗത്തെ ഗവൎമ്മെന്റോ മുൻസിപ്പാലിററിയോ തടയാമെങ്കിൽ ഇന്നു പട്ടണങ്ങളിലും പരിസരങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പനി, വിഷജ്വരം, കാളറാ, വസൂരി മുതലായ രോഗങ്ങൾ നിമിത്തം ജനതതി അനുഭവിച്ചുവരുന്ന കഷ്ടനഷ്ടങ്ങൾക്കും ഇതു നിമിത്തം ഗവൎമ്മെന്റിനു നേരിട്ടുകൊണ്ടിരിക്കുന്ന നഷ്ടങ്ങൾക്കും ഇടയാകുന്നതല്ലെന്നു നിസ്സംശയം പറയാവുന്നതാണ്. എരുമപ്പാലിനും തേയിലയ്ക്കും പകരം നല്ല നാട്ടുനെല്ലിന്റെ തവിടുകളയാത്തുള്ള പൊടിപ്പച്ചരി പശുവിൻ പാലിലൊ ആട്ടിൻപാലിലോ കഞ്ഞിവച്ചു് ഉപയോഗിച്ചാൽ ഓജസ്സും തേജസ്സും വൎദ്ധിക്കുന്നതും രോഗകാരണമായ ദുൎമ്മേദസ്സ് ഉണ്ടാകുന്നതല്ലാത്തതുമാകുന്നു. ഈ രണ്ടുവക പാലും കിട്ടാതെവന്നാൽ തേങ്ങാപാൽ ചേൎത്തു കഞ്ഞിവച്ചു് ഉപയോഗിക്കുന്നതു് ഏറവും ഗുണപ്രദവും ആദായകരവും ആകുന്നു. വിശേഷിച്ചും കുട്ടികൾക്കു ഈ കഞ്ഞി വളരെ ഗുണകരമായ ഒന്നാണ്.

(കൃ. റ്യ. മാ.)

ജൂലൈമാസത്തിലെ തിരുഹൃദയ സഭക്കാരുടെ

# പൊതുനിയോഗം.

ക്രിസ്തീയ ഉപവി.

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ." എന്നാണ് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. അവിടുന്ന നമ്മളോട്ട സ്നേഹിക്കണമെന്ന പറയുകമാത്രമല്ല സ്നേഹിക്കേണ്ടതെങ്ങിനെയെന്ന ദൃഷ്ടാന്തപൂർവ്വം പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവിടുന്ന കുരിശിൽ തൂങ്ങി തൻെറ രക്തത്തിൻെറ അവസാനതുള്ളിവരെ ചിന്തി തൻെറ ജീവനെ നമുക്കുവേണ്ടി അർപ്പിച്ചു. ഇതാണ് സാക്ഷാൽ സ്നേഹം. സ്നേഹത്തിനു അസാദ്ധ്യമായിട്ട് ഒന്നുമില്ല. സ്നേഹമുണ്ടെങ്കിൽ എല്ലാമുണ്ട്. അതിനാൽ നാം നമ്മുടെ ദിവ്യരക്ഷകൻെറ ദൃഷ്ടാന്തമനുസരിച്ച ക്രിസ്തീയ ഉപവിയിൽ പുരോഗമനം ചെയ്യുന്നതിനു തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

# ആരാധനാസ്വാതന്ത്ര്യം.

ചെങ്ങന്നൂർ കേരള ക്രൈസ്തവമഹാജനസഭയിൽ സാർ ഡേവിഡ് ദേവദാസ് ബി. ഏ., ബി. എൽ., ബാരിസ്റ്റർ—അററ് - ലാ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്ന്.

അനേകസംവത്സരംമുമ്പ് രണ്ടാം നൂററാണ്ടുവരെ ഒരു വലിയ ഭാഗം ജനങ്ങൾ ക്രിസ്തുമതാവലംബികളായിരുന്നു എന്നും, ശങ്കരാചാര്യർ അദ്വൈത സിദ്ധാന്തം പ്രസംഗിക്കുന്നതിനു നൂററാണ്ടുകൾ മുമ്പ് നിങ്ങളുടെ പൂർവ്വികന്മാർ മതപരിവർത്തനം ചെയ്തു എന്നുള്ളതിലേക്കു ചരിത്രരേഖകളുണ്ട്. ൧൭൦൦ വർഷത്തിലധികം നിങ്ങൾ ഒരു സമുദായം ആയിരുന്നു എന്നുള്ളത് ഈ സംസ്ഥാനത്തെ നാടുവാഴികളുടെ മതസഹിഷ്ണുതയെ കീർത്തിക്കുന്നു. ധർമ്മരാജ്യമെന്നാണ് തിരുവിതാംകൂറിനെ പലപ്പോഴും പറയുക. ഞാൻ ആ രാജ്യത്തെ "സഹിഷ്ണുതയുടെരാജ്യം" എന്നുകൂടെ നാമകരണം ചെയ്യും. ആ അപദാനം ഈ രാജ്യത്തിനു ഈ അടുത്ത കാലംവരെ അർത്ഥവത്തായിരുന്നു. ഇപ്പോൾ ഗവർമ്മെണ്ടിൻെറ ചില പ്രഖ്യാപനങ്ങൾ വിവിധസമുദായങ്ങളുടേയും സമാധാനത്തിനാ

യി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു ക്രൈസ്തവസമുദായത്തിൻെറ മൌലികമായ അവകാശങ്ങളെ കുറച്ചുമറിച്ചിരിക്കുന്നു. എല്ലാ സമുദായങ്ങൾക്കും അന്യസമുദായങ്ങളുടെ അവകാശത്തെ അപഹരിക്കാതെ ഇഷ്ടംപോലെ ആരാധനാലയങ്ങൾ നിമ്മിക്കുന്നതിനും ശവക്കോട്ട കെട്ടുന്നതിനും അവകാശമുണ്ട്. പള്ളി പണിയിക്കുന്നതിനും പുതിയ ശവസംസ്കാര സ്ഥലങ്ങൾ ഉണ്ടാക്കുന്നതിനും ക്രൈസ്തവ സമുദായത്തെ നിരോധിച്ചിരിക്കുന്നതായി ഞാനറിയുന്നു. ശരിയായ ആലോചനയ്ക്കു ശേഷമല്ലാതെ ദേവാലയങ്ങൾ നിമ്മിക്കയില്ല. എന്തെങ്കിലും കാരണം പറഞ്ഞു ദേവാലയസ്ഥാപനാവകാശത്തെ നിരോധിക്കുന്നതു സമുദായത്തിൻെറ അടിസ്ഥാനം തട്ടിക്കളയുകയാകുന്നു. മതപരമായ ആചാരങ്ങളിൽ ക്രിസ്ത്യാനികൾ പൊതുവെ പ്രതിപത്തിയുള്ളവരത്രെ. ക്രൈസ്തവരെപ്പോലെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിനു കൂടുതൽ ആരാധനാലയങ്ങളുടെ ആവശ്യമുണ്ട്. അതിനെ നിരോധിക്കുവാൻ പാടുള്ളതല്ല. ശവദാഹത്തോടു ഒട്ടും അനുകൂലിക്കാത്തവരാണു ക്രിസ്ത്യാനികൾ. അതിനാൽ വദ്ധനവനുസരിച്ചു ശവസംസ്കാരസ്ഥലങ്ങളും അവക്കു കൂടുതൽ ആവശ്യമായിത്തീരുന്നു. ബ്രിട്ടീഷിന്ത്യയിൽ ഡിസ്ട്രിക്ട് ബോർഡുകാരും മുനിസിപ്പാലിററിക്കാരും ക്രൈസ്തവക്കും മുസ്ലിങ്ങൾക്കും ശവസംസ്കാരത്തിനു സ്ഥലം കൊടുക്കുന്നുണ്ട്. അങ്ങനെ സ്ഥലം തിരിച്ചിടേണ്ടതു് ഇവിടത്തെ സക്കാരിൻെറ ധമ്മമാകുന്നു. ക്രൈസ്തവപ്രതിബന്ധികളായ കീഴുദ്യോഗസ്ഥന്മാരുടെ അനധികാര പ്രവൃത്തിമൂലം ഇങ്ങനെ ക്രിസ്ത്യാനികൾക്കു പല ഞെരുക്കങ്ങളുമുണ്ട്. ഈ വക കഷ്ടതകൾ മുസ്ലിങ്ങളും ഇവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്നു നിങ്ങളുടെ ദിവാൻ ബ്രിട്ടീഷിന്ത്യയിലെ അതിപ്രാപ്തിമാന്മാരായ രാജ്യതന്ത്രജ്ഞന്മാരിൽ ഒരാളും അദ്ദേഹത്തിനു തുല്യന്മാരായുള്ളവർ വളരെ ചുരുക്കവുമാണ്. ഏതൊരുസ്ഥാനത്തെ അദ്ദേഹം പ്രാപിച്ചിട്ടുണ്ടോ അതിനെ അലങ്കരിച്ചിട്ടുമുണ്ട്. മുനിസിപ്പാലിററി ചെയർമേനായിട്ടോ, മദ്രാസ് കോർപൊറേഷ്യനിലെ കമ്മീഷണറായിട്ടോ, മദ്രാസു ഗവണ്ണരുടെ എക്സിക്യൂട്ടിവു കൗൺസിൽ മെമ്പറായിട്ടോ, വൈസ്രോയി കൗൺസിൽ മെമ്പറായിട്ടോ, എവിടെയും അദ്ദേഹം സ്വകൃത്യം സകലരുടെയും അഭിനന്ദനത്തെ അർഹിക്കുമാറു സച്ച്സംപൂണ്ണതയോടും, നിഷ്പക്ഷ നിഷ്ഠയോടും നിർഭയ സ്വാതന്ത്ര്യതയോടും നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഒരു മിത്രമായി-ഒരു യഥാത്ഥമിത്രമായി- നിങ്ങൾ ക്രമേണ മനസ്സിലാക്കുമെന്നു എനിക്കു നിശ്ചയമുണ്ട്.

# കുറിപ്പുകൾ.

പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിനും, പാശ്ചാത്യദേശങ്ങളിലെ വിശുദ്ധ സ്ഥലങ്ങളിൽ തീർത്ഥാടനം ചെയ്യുന്നതിനുമായി യൂറോപ്പിലേക്കു പോയിരുന്ന തിരുവല്ലാ ബിഷോപ്പ് മാർ തിയോഫിലോസു തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ ജൂൺ ൧൯-ാംതീയതി സസുഖം തിരുവല്ലായിൽ മടങ്ങിയെത്തിയതായി അറിഞ്ഞു സന്തോഷിക്കുന്നു.

മെക്സിക്കോയിൽ ചിഹ്വഹ (Chihuhua) സംസ്ഥാനത്ത് ആത്മിക ആവശ്യങ്ങൾ നടത്തുന്നതിനു ഒരു ലക്ഷം ജനങ്ങൾക്കു ഒരു വൈദികൻവീതം മതിയെന്നുള്ള നിയമം നടപ്പിൽ വരുത്തിയിരിക്കുന്നു.

ചൈനായിൽ വേലചെയ്യുന്ന ഇററലിക്കാരായ മിഷ്യനറിമാരുടെ സംരക്ഷണത്തിനായി ഇററാലിയൻ ഗവമ്മെണ്ടു അമ്പതു ലക്ഷം ലീരാ നൽകിയിരിക്കുന്നു.

ഇംഗ്ലീഷ് സാഹിത്യനായകന്മാരായ മി. ഹില്ലയർ ബെല്ലക്കിനും മി. ജി. കെ. ചെസ്റ്റേട്ടനും പരിശുദ്ധ പിതാവ് Star of the order of St. Gregory the Great എന്ന മാടമ്പിസ്ഥാനം നൽകിയിരിക്കുന്നു. മിസ്റ്റർ ചെസ്റ്റട്ടൻ ൧൯൨൨-ലാണ് കത്തോലിക്കസഭയിൽ പ്രവേശിച്ചതു്.

റവ. ഫാദർ ഡി. ഒഡണോരെ എസ്സ്. ജെ. ൧൮൭൨-ാം ആണ്ടിൽ ഫ്രാൻസിൽ നോർമണ്ടി സംസ്ഥാനത്ത് ഭൂജാതനായി. ജെസ്യൂറ്റ് കോളേജിൽ വിദ്യാഭ്യാസം കഴിച്ചു ബിരുദു സമ്പാദിച്ചതിന്റെശേഷം വളരെ ചെറുപ്പത്തിൽതന്നെ അദ്ദേഹം ഇൻഡ്യൻ മധുര ജെസ്യൂറ്റ് മിഷ്യനിൽ ചേർന്നു അൻപതു കൊല്ലത്തിൽപരം തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ് കോളേജിൽ അദ്ധ്യാപകജോലി പ്രശസ്തമാംവണ്ണം നിർവ്വഹിച്ചു. മലബാർ കത്തോലിക്കാവിദ്യാർത്ഥി ലീഗിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഏവർക്കും അദ്ദേഹം സുപരിചിതനായിരുന്നു. സംഗീതം, ചിത്രമെഴുത്ത്, ശില്പവിദ്യ എന്നീ കലകളിലും; പ്രാണിശാസ്ത്രം, സസ്യശാസ്ത്രം, രസതന്ത്രശാസ്ത്രം എന്നീ വിജ്ഞാന ശാഖകളിലും അദ്ദേഹത്തിനു പ്രാവീണ്യം ഉണ്ടായിരുന്നു. ൧൯൩൨ ജൂൺ ൧൦-ാംനു കാലത്ത് ൭-൧൦ന് അദ്ദേഹത്തിന്റെ ഹൃദയസ്പന്ദം പെട്ടന്നു നില്ക്കുകയും തന്റെ ൬൨-ാമത്തെ വയസ്സിൽ അദ്ദേഹം ഈ ലോകം പ്രശാന്തമായി വിട്ടുപിരിയുകയുംചെയ്തു.

ഒരു ഉത്തമ കത്തോലിക്കനും അഭിഭാഷകപ്രധാനിയും സമുദായസ്നേഹിയുമായിരുന്ന മി. ജോൺ നിധിയിരി മേയ് ൨൩-ാംതീയതി കുറവിലങ്ങാട്ടുള്ള സ്വഭവനത്തിൽവെച്ചും, വെണ്ടുരുത്തിപ്പള്ളിയിടവക കണിശ്ശേരിൽ റിച്ചാർഡ് ഡിക്രൂസ് തന്റെ ൮൪-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ജൂൺ ൨൧-ാംതീയതി തേവരയിലുള്ള തന്റെ സ്വവസതിയിൽവച്ചും നിര്യാതരായിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വായനക്കാർ പ്രാർത്ഥിപ്പാറാകണം. R. I. P.

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്ര ഗോസ്സ്, എം. എ., എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.
ഒരു ത്രപാത്തുക്കത്തിന് ക. ൪.

**ശാരിബാദിസരസം.** ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.
ഒരു സേറിനു ക. ൩.

**സുഖദ സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൩.

**അശോകാരിഷ്ടയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന് ക. ൫.

കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്പൎശംകൂടാതെ പറയാം.
ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.
കുപ്പി ഒന്നിനു ക. ൪-൮-൦.


## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.
ഒരു കുപ്പിക്കു വില ക. ൬-൧൨-൦.

വാതഹാരി എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേറുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൧൧, കോഴിക്കോട്ട്, മലബാർ.




# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.

ഈ കീർത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻപനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉന്മൂലനം ചെയ്ത് സമ്പൂർണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്ന ഇത് ഒരു പ്രസിദ്ധ ഔഷധമാകുന്നു എന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്ന 1 ക. 8 ണ; 1 ഡജന 16 ക. 8 ണ; 4 ഔൺസിന്ന 14 ണ; 1 ഡജന 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധികര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വപീഡകളെയും ശമനപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സുവർണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിന്ന 3 ക. 8 ണ. ചെറിയ കുപ്പി 1 ക്ക 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീർണ്ണകോശക്രമക്കേട് കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്ന 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്ന.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലം വരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്ന 8 ണ; 1 ഔൺസിന്ന 14 ണ.

**SYRUP CARDUS.** പിത്തഹര ഔഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളച്ച, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ചുനീറൽ ഇവയെല്ലാം ഗൃഹഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ് കരള് ശത്രുവൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിന്ന പുഷ്ടിയും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്ന സംശയമില്ല. വില 8 ഔൺസിന്ന 3 ക 8 ണ. ചെറിയ കുപ്പി 1 ക്ക 1 ക. 14 ണ.

**RINGWORM BALM.** ത്വക്ദോഷത്തിന്ന

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്ന 5 ണ; 1 ഡജന 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൗജന്യമായി ആവശ്യക്കാർക്ക അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഷ്യുമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൦൯ മിഥുനം - കർക്കടകം. | | | | ജൂലൈ ൧൯൩൪. |
|---|---|---|---|---|
| ൧൭ | 1 | ഞാ. | ✠ | വി. അഹറോൻ. |
| ൧൮ | 2 | തി. | | എ. ഭാ. ക. മറി. സന്ദർശനം. |
| ൧൯ | 3 | ചൊ. | * | ന. പി. വി. തോമ്മാ. |
| ൨൦ | 4 | ബു. | വി. | ഹോശയും ഹഗ്ഗിയും. |
| ൨൧ | 5 | വ്യാ. | വി. | ദൊമീന്ന്യസ്. |
| ൨൨ | 6 | വെ. | വി. | ഏശയ്യാ. |
| ൨൩ | 7 | ശ. | വി. | സിറി. മെത്തോ. |
| ൨൪ | 8 | ഞാ. | ✠ | വി. എലിസബേത്ത്. |
| ൨൫ | 9 | തി. | വി. | ദേസനോ. |
| ൨൬ | 10 | ചൊ. | വി. | അപ്പല്ലോനിയാ. |
| ◎ | 11 | ബു. | വി. | യൊ. സ്ത്യാപ്പുളി. |
| ൨൮ | 12 | വ്യാ. | വി. | യോഹ. ഗ്വൽ |
| ൨൯ | 13 | വെ. | വി. | അനക്ലേത്തോസ്. |
| ൩൦ | 14 | ശ. | വി. | ബൊനവൻതുര. |
| ൩൧ | 15 | ഞാ. | ✠ | വി. കുറിയാക്കൊ. |
| ൧ | 16 | തി. | | എ. ഭാ. കർമ്മലമാതാ. |
| ൨ | 17 | ചൊ. | വി. | അല്ലേശ്. |
| ൩ | 18 | ബു. | വി. | കമില്ലോസ്. |
| ൪ | 19 | വ്യാ. | വി. | വിൻസെൻറ്. |
| ൫ | 20 | വെ. | വി. | ഏലിയാനിവ്യാ. |
| ൬ | 21 | ശ. | വി. | ദാനിയേൽ. |
| ൭ | 22 | ഞാ. | ✠ | മറിയം മഗ്ദലൈല. |
| ൮ | 23 | തി. | വി. | അപ്പോല്ലിനാരീസ്. |
| ൯ | 24 | ചൊ. | വി. | ക്രിസ്തീനാ. (ഇ. വി.) |
| ൧൦ | 25 | ബു. | വി. | യാക്കോശ്ലീഹാ. |
| ◎ | 26 | വ്യാ. | വി. | അന്നാമ്മ. |
| ൧൨ | 27 | വെ. | വി. | പന്താലെഓൻ. |
| ൧൩ | 28 | ശ. | വി. | നസ്സാരിയൂസ്. |
| ൧൪ | 29 | ഞാ. | ✠ | വി. അബ്ദോൻ. |
| ൧൫ | 30 | തി. | വി. | ഇഗ്നാസിയോസ്. |
| ൧൬ | 31 | ചൊ. | വി. | മത്താ. |

✠ എല്ലാവർക്കും കടമുള്ള ദിവസം * സുറിയാനിക്കാർക്കു കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA,